# HYDEL BULLET

Issue - 11, Vol - 12, December 2024

**A Monthly Publication of the Kerala State Electricity Board Engineers' Association**






# 1974 ലെ സമര അനുസ്മരണം – സുവർണ്ണ ജൂബിലി സമ്മേളന ദിനദൃശ്യങ്ങൾ



KSEB Engineers' Association
Office Bearers 2024 - 25

ASSOCIATION

President
Er G Shaj Kumar
Vice-Presidents
Er Viji Prabhakaran (South)
Er Hariprasad M (North)
General Secretary
Er M Muhammad Rafi
Treasurer
Er Anoop Vijayan
Organizing Secretaries
Er Nishanth B (South)
Er Sajithkumar M (North)
Secretaries
Er Kunjunni P S (HQ)
Er Induchoodan D R (South)
Er Shameer N (North)

BENEVOLENT FUND

Chairman
Er Jayasankar K R
Vice Chairman
Er Subha T G
Secretary
Er Haridas Vijayan
Treasurer
Er Pradeep S V
Joint Secretaries
Er Anoop A (South)
Er Smruthi M (North)

EDITORIAL BOARD

Chief Editor
Er Rajesh D S
Associate Editors
Er Mahesh T
Er. Sarath Dev
Er Divya Ramadas C
Er Preetha D
Ex. Officio Members
Er Induchoodan D R
Er Kunjunni P S

HYDEL BULLET
(A Monthly Publication of the KSEB Engineers' Association)
Issue - 11 Vol - 12 December 2024

Editorial

# Harnessing Renewable Energy through Distributed Generation and Storage Systems

The Kerala State Electricity Board (KSEB) Engineers Association takes immense pride in presenting a comprehensive proposal crafted by Er. Dony C.S., Assistant Executive Engineer, in response to the appreciation and encouragement received during the public hearing on the Capital Investment Plan for Distribution, KSEBL. This initiative marks a significant stride in Kerala's renewable energy journey, demonstrating the KSEB Engineers' commitment to sustainable development and innovative solutions.

Kerala has set a target to achieve 100% renewable energy by 2040 and aims for a net-zero carbon emission economy by 2050. This initiative focuses on decarbonizing energy production, including power, transportation, and industrial sectors. Kerala's commitment to 100% renewable energy reflects its vision of sustainable development and climate action. With innovative projects like floating solar plants, rooftop initiatives, and EV adoption, the state is on a progressive path toward achieving its renewable energy and net-zero goals.

Present unrestricted demand in Kerala System 6000MW and restricted demand of 5797MW. The maximum demand recorded 5797MW on 02.05.2024 and daily consumption maximum recorded as 115.9485MU on 03.05.2024. The present import capability is 4260MW. Transmission constraints due to overloading of lines and transformers, energy import capability due to the

unavailability of Interstate Corridors, Power availability in exchanges, demand curve gradient are the major limitations faced during summer 2024. In order to meet the growing demand in the State and considering the unavailability issues of inter-state transmission lines while importing power from outside the state, there exists a need for increasing the internal generation in a cost-effective matter.

The estimated resource potential from solar is 6110MW and installed capacity as on date is 1624.54MW only. Kerala aims to harness its significant potential for rooftop solar installations, floating solar projects, and ground mounted solar plants to meet a large share of its renewable energy requirements.

Land constraints are a significant challenge for the development of large-scale solar parks in Kerala. Land prices in Kerala are significantly higher than in many other states, making large-scale land acquisition financially unviable for solar parks. Local communities often resist land acquisition for large projects due to concerns over displacement, loss of livelihoods, and environmental impacts. As per the land use data of 2020-21, out of a total geographical area of 38.86 lakh ha, total cultivated area is 25.69 lakh ha (66.10 per cent) and the net area sown is 20.35 lakh ha (52.37 per cent). Land put to non-agricultural use is 11.86 per cent and forest area is 27.83 per cent. Compared to the land use data of 2020-21, there has been considerable increase in the area under 'barren and uncultivated land' by 2.67 per cent and total barren and uncultivated land was 9784 Ha.

**West Kallada Floating Solar Project: Pioneering Green Energy in Kerala**

The West Kallada Floating Solar Project is Kerala's first initiative to generate electricity by installing a solar power plant on uncultivable swamp land with farmer participation. Landowners will receive three percent of the electricity income from this venture and it comes around Rs. 15,000/Acre/Year. The project spans approximately 340 acres of privately owned land in Mudakapadam, West Kallada village, Kunnathur taluk, which has become unfit for cultivation due to silt and sand mining. The West Kallada project ensures a steady income for landowners by establishing West Kallada Non-Conventional Energy Promoters Private Limited (WKNCEPPL), which holds the land use rights for the project. The panchayat owns around 50 acres of land, the rest belongs to farmers that include 400 property owners. The National Hydroelectric Power Corporation (NHPC), the nodal agency for the project, will bear all expenses for the 300-crore project. In order to lease the land to the NHPC for a period of 25 years, West Kallada Non-Conventional Energy Promoters Pvt Ltd., that includes all land owners and government officials, was formed. Panchayat authorities are also identified further 200 acres of land near to the location and there was ample scope of future expansion.

MNRE vide its letter dated 08.12.2020 had conveyed the approval for development of 50MW Floating solar park by NHPC Limited (SPPD) at West Kallada under Mode-8 of Solar Park Scheme. Subsequently, MNRE vide its letter dated 29.04.2024 extended the timeline for completion of the solar park till 30.11.2025.

## CONTENTS

**01** - *Page 8*
*തീജ്വാല*
തനിക്കാക്കി, വെടക്കാക്കി, കുളമാക്കി !
*Er എൻ.ടി. ജോബ്*

**02** - *Page 11*
AMI & SMART - METER : A MANDATORY REQUIRMENT
*Er C.P. George*

**03** - *Page 17*
തൊട്ടിയാർ വൈദ്യുതി പദ്ധതിയുടെ വിജയഗാഥ, ഓർമ്മക്കുറിപ്പുകൾ
*ഹരിദാസ് വിജയൻ*

**04** – *Page 21*
CEA Regulation or KSERC Regulation?
*Er J. Sudhakaran Nair*

**05** - *Page 23*
*(സുഭാഷിതം)*
പ്രകൃതി നിയമം
*Er കെ. ശശിധരൻ*

**06** - *Page 24*
അനാസ്ഥ ഒരു തുടർക്കഥ - 5
*Er ഇ.എം. നസീർ*

**07** - *Page 26*
നായ ഒരു നല്ല ഇടനിലക്കാരനാണ്
*ഡോ. പി. രാമചന്ദ്രൻ*

**08** - *Page 28*
പൂത്തിരുവാതിരയോഗം*(കവിത)*
*Er എം. അനിൽ*

**09** - *Page 29*
More is not always better
*Er Thomas Kolanjikombil*

**10** - *Page 30*
*ഗാനമാധുരി* **19**
വഞ്ചിയും വായ്ത്താരിയും വള്ളംകളിപ്പാട്ടു ഗാനങ്ങളും
*Er പി.വി. പ്രമോദ്*

As per the scheme, 50MW floating solar project at West Kallada is eligible for a Central Financial Assistance (CFA) of 20 lakhs/MW or 30% of park cost whichever is lower. Power Department, Government of Kerala issued administrative Sanction to permit Viability Gap Funding (VGF) for an amount of Rs. 11.83 Cr under the scheme of Innovation & ESCOT for establishing the 50 MW Floating Solar Power Project by NHPC. NHPC offered a ceiling rate of Rs. 3.04/unit inclusive of all taxes, levies and duties.

The 33kV pooling station is proposed near to the project location in normal soil of approximately 5 Acres of land. At the present, the interconnection is proposed by KSEBL in 110kV voltage level by constructing 1.2kM of 110kV Transmission line and connected it to the 110kV Kundara- Chavara EHT line. 220kV interconnection is also possible from 220kV Kayamkulam – Kundara line if the capacity is increased to 100MW.

The project is located on a water-logged area that spans approximately 340 acres at present, but the capacity proposed is only 50MW. A 1MW solar plant usually needs 2.5- 4 acres of land and the capacity may increase to 90-100MW from proposed 50MW in 340 Acres of land available at present. By using bifacial monocrystalline solar panels, we can increase the energy efficiency and energy production. NTPC commissioned floating solar project at Kayamkulam of capacity 101.6MWp in the land area 350 Acre water body and annual energy yield of 1,67, 150MWH. It is clear that both the locations having 340 Acres of land but the capacity of West Kallada project just half of the Kayamkulam floating solar project. For better land utilization and power output, the possibilities of increasing the energy output to be explored.

During summer, KSEB procured power from real time market at the rate of Rs.10/- and executing short term agreement for peak hours at the rate of Rs. 7 to 9/-. During day time, 1600MW of solar power and 2800MW of CGS+LTA contracted power available at grid. But the demand during the day time is between 2600 to 4000MW as per report on resource adequacy plan for Kerala upto 2031-32 from January to December. In addition to that high RE penetration across India, energy is cheaply available in market at the rate of Rs. 2 to 3/- during day time. The power from proposed project available during peak hours will more beneficial to KSEB. It helps to reduce the power purchase cost, additional investment for interstate transmission corridor and T&D losses and land owners will get more income from the project.

The utilization of BESS in solar energy storage brings several significant benefits. It enhances grid stability and reliability. BESS provides a buffer between solar generation and consumption, ensuring a smooth and consistent power supply. BESS enables energy arbitrage. This means buying electricity when prices are low and storing it for use during peak demand when prices are high. This can result in significant cost savings for consumers and utilities. Additionally, BESS can provide ancillary services to the grid. Such services include frequency regulation and voltage control, improving grid performance and efficiency. The 100MW solar PV power plant with 50MW/150/200MWH battery storage system will ensure reliable power supply with 50MW back up for 3/4 hours during non- solar peak hours. Lithium-Ion battery-based BESS systems are more life span, high energy density and high charging and discharging efficiency.

Kerala has 942 gramapanchayats and lots of uncultivated and quarry waste land in each panchayat. The land availability may range from 2 Acres to 500 Acres at different locations. Every Panchayat and property owners willing to transfer the land to Green pool for developing decentralized generation project will get steady income from the unutilized land. KSEB has strong 11kV network across the state and distributed generations will integrate to the existing 11kV network. For a 11kV line, we can integrate maximum 3 to 3.5MW distributed renewable sources and 12MW can integrate to the 33kV lines. In addition to that Battery storage systems are installed at Common locations/KSEB substations for storing the excess solar power for use during peak demand. Panchayats and land owners will get steady income and thereby increase the internal generation and reduce the power purchase cost.

**Land Availability at Kollam District**

ALIND having 100 Acres of unutilized land at Kundara. (110kV Substation already constructed by Technopark and it is interconnected to KSEB 220kV substation at Kundara). The Plantation Corporation of Kerala Limited, Kottayam (PCK), The State Farming Corporation of Kerala Limited, Punalur (SFCK) and the Rehabilitation Plantations Limited, Punalur (RPL) having land available of 15176 hectare, 2361 ha for SFCK and 2194 ha for RPL respectively. Oil Palm India LTD are also unutilized land of 3646Ha available at Kollam and interconnecting point available at Edamon 220kV substation.

Recently GoI approved for the allocation of 500MWh BESS capacity to the state of Kerala with a VGF of Rs. 27lakh/MWh or 30% of the capital cost, whichever is lower. In Kerala, we have major solar parks avilable 100MW floating solar at Kayamkulam, 100MW solar park at Kasargode, 50MW at CIAL, 50MW project proposed at West Kallada are the ideal locations for the installation of BESS allocated by GoI. In these locations, KSEB LTD already executed PPA's for 25 years and absorbing this power for peak will be more attaractive and cost effective.

The model encapsulates the spirit of innovation and sustainability. By integrating solar power generation, floating and ground - mounted installations, and BESS, it addresses key challenges while offering multifaceted benefits.

From stabilizing the grid and reducing transmission losses to lowering tariffs and promoting economic growth, the proposed approach sets Kerala on a path toward energy independence. The power from the proposed project available during peak hours will be more beneficial to KSEB. It helps to reduce power purchase costs, additional investment for interstate transmission corridors, and T&D losses.

With projects like the West Kallada Floating Solar Initiative and the proposed distributed generation model, we are not just meeting today's challenges but also building a sustainable tomorrow for generations to come.

**Proposed Model**

| | | |
|---|---|---|
| Barren and uncultivated land | : | 9784 Ha |
| Land Pooling | : | Land owners form Promotors Private Ltd Company for steady income for landowners |
| Project | : | Solar + BESS |
| Interconnection | : | KSEB Transmission lines |
| Technology | : | Floating + Ground mounted |
| Investments | : | Public – Private Partnership |
| Power Purchase Agreement | : | KSEB LTD |
| Policy Frameworks | : | Renewable energy policy by GoK & KSERC |
| Financial Assistance | : | VGF by GoK and Central Financial Assistance of 20 lakhs/MW or 30% of park cost whichever is lower |
| Solar PV | : | Bifacial monocrystalline solar panels |
| BESS | : | Lithium-Ion battery-based BESS |
| Units Generated | : | 4000 to 6000 units/MW/day |
| Discharge | : | 3-4 hours peak discharge |
| Advantages | : | Green Energy Penetration, Land use Optimization, Water resource management, Pisciculture, Economic Growth, Tariff reduction |




# തനിക്കാക്കി, വെടക്കാക്കി, കുളമാക്കി



*Er* എൻ.ടി. ജോബ്
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*
*ntjobthirur@gmail.com*

**ക**ഴിഞ്ഞവർഷം വേനലിൽ പീക്ക് സമയത്തെ ഡിമാന്റ് അയ്യായിരത്തി എണ്ണൂറു മെഗാവാട്ടിലേക്കു വളർന്നപ്പോൾ സംസ്ഥാനത്തിനകത്തുള്ള ജനറേഷൻ ആയിരത്തി അറുന്നൂറു മെഗാവാട്ട് മാത്രമായിരുന്നു. കാലങ്ങളായി അത് അവിടെ തന്നെ നിൽക്കുകയാണ്. ഈ വർഷം നൂറോളം മെഗാവാട്ട് കൂട്ടിച്ചേർത്തതാണ് കാര്യമായുണ്ടായ വർദ്ധനവ്. അങ്ങനെയുള്ളപ്പോൾ രണ്ടായിരത്തി മുപ്പതുകളിലേക്കു കടക്കുമ്പോഴേക്കും സംസ്ഥാനത്തിനകത്തു നിന്നുള്ള ജനറേഷൻ പതിനായിരം മെഗാവാട്ട് ആയി ഉയർത്തണമെന്നുള്ള ലക്ഷ്യത്തോടെയാണ് വിഷൻ-2030 ആയി ബോർഡ് മാനേജ്മെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിൽ മൂന്നിലൊന്നു ഭാഗമായ മൂവ്വായിരത്തി മുന്നൂറുമെഗാവാട്ട് ജലവൈദ്യുതി പദ്ധതികളിൽ നിന്നും പ്രത്യേകിച്ച് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളിൽ നിന്നുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് നടപ്പിലാക്കുന്നതിന് ഇപ്പോഴത്തെ രീതിയിൽനിന്നും വ്യത്യസ്തമായി, താല്പര്യമുള്ള പൊതുമേഖലാസ്ഥാപനങ്ങളെ കൊണ്ട് ഏറ്റെടുപ്പിച്ച് നടപ്പിലാക്കുന്നതിനും അവിടെനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റ് നിരക്കിൽ വാങ്ങാമെന്നും ധാരണയായിരുന്നു. ഇപ്രകാരം ടെഹ്റി ഹൈഡ്രോ ഇലക്ട്രിക് കമ്പനി താല്പര്യവുമായി വന്നു. അവരെ ഏല്പിക്കുവാൻ ആലോചിച്ചപ്പോഴേക്കും പ്രശ്നങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ചില സംഘടനകൾ ഇതിനെതിരായി രംഗത്തുവരികയും ഇത് നടപ്പിലാക്കുവാൻ സമ്മതിക്കുകയില്ലെന്ന് തിട്ടൂരം നൽകുകയും ചെയ്തു. സാധാരണ രീതിയിൽ ഏതു പദ്ധതിയും നടപ്പിലാക്കുന്നതിന് ഭരിക്കുന്ന കക്ഷികൾക്ക് എതിരായ കക്ഷികളാണ് തടസ്സം നിൽക്കാറുള്ളത്. എന്നാൽ ഈ പദ്ധതികൾക്ക് തടസ്സംനിന്നത് ഭരിക്കുന്ന കക്ഷിയുടെ സംഘടനകളാണെന്നതാണ് വിരോധാഭാസം. സംസ്ഥാനത്തെ പല ജല വൈദ്യുതി പദ്ധതികളും സ്വകാര്യ കമ്പനികൾക്കുനൽകി ഉല്പാദനം നടത്തി വരുന്നുണ്ട്. പല കാലഘട്ടങ്ങളിലാണ് ഇങ്ങനെ നൽകിയിരിക്കുന്നത്.

സ്വകാര്യ കമ്പനികൾക്ക് സംസ്ഥാനത്തിന്റെ നദികൾ കേന്ദ്രീകരിച്ചുള്ള ജലവൈദ്യുതി പദ്ധതികൾ നൽകുവാൻ നയപരമായ തടസ്സങ്ങളൊന്നും രാഷ്ട്രീയമായും ഇല്ലാതിരിക്കുമ്പോഴാണ് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ പൊതുമേഖലാ സ്ഥാപനമായ ടെഹ്റി ഹൈഡ്രോ ഇലക്ടിക് കമ്പനികൾക്കു നൽകുന്നതിനെതിനെതിരെ രാഷ്ട്രീയപരമായ എതിർപ്പുകൾ ഉയർത്തി അതിനെ തടഞ്ഞത്. അതിനു കാരണമായി പറഞ്ഞത് കെ.എസ്.ഇ.ബി. തന്നെ നേരിട്ട് നടത്തണമെന്നാണ്. ആ ആശയത്തിൽ തെറ്റില്ലെങ്കിലും നടപ്പിലാക്കുവാൻ പ്രായോഗികത ഒട്ടുമില്ലെന്നതാണ് സത്യം. ഈ ഒരു മേഖലയിൽ കാര്യമായ പ്രവർത്തി പരിചയം നമുക്കില്ല എന്നതും മുതൽ മുടക്കിനായി മൂലധനം ഇല്ലെന്നതും എടുത്തുപറയേണ്ട കാര്യമാണ്.

അങ്ങിനെ വിഷൻ 2030 ലെ പ്രധാനപ്പെട്ട ഉല്പാദന ലക്ഷ്യം തടയപ്പെട്ടു. ഇതിനു പകരമായി കെ.എസ്.ഇ.ബി. തന്നെ നൂറ്റി മുപ്പതു മെഗാവാട്ടിന്റെ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നേരിട്ട് ചെയ്യുമെന്ന തീരുമാനങ്ങൾ ഉണ്ടായി. അതിന് സർക്കാർ അനുമതിയും ലഭ്യമായി. എന്നാൽ ആ പദ്ധതികളും ഇഴഞ്ഞിഴഞ്ഞാണ് നീങ്ങുന്നത് എന്ന് ഈയിടെ പത്രങ്ങളിൽ വാർത്തകളായി വന്നു കൊണ്ടിരിക്കുന്നുണ്ട്. തനിക്കാക്കി വെടക്കാക്കുക എന്ന ഒരു ലക്ഷ്യം മാത്രമെ ഇതിൽ കാണുന്നുള്ളു. ഈ പദ്ധതികൾ പ്രവർത്തി പഥത്തിലേയ്ക്കെത്താതിരിക്കുവാൻ മുന്നിട്ടിറങ്ങിയ സംഘടനകളും നേതാക്കന്മാരും അറിഞ്ഞോ അറിയാതെയോ പവർ പർച്ചേസ് ലോബികളുടെ ചട്ടുകമായി മാറിയെന്നതാണ് യാഥാർത്ഥ്യം.

നമ്മൾ ഇപ്പോൾ കമ്മീഷൻ ചെയ്തു കൊണ്ടിരിക്കുന്ന പദ്ധതികൾ പതിനഞ്ചും ഇരുപതും വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച പദ്ധതികളാണെന്ന യഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. അത്രയും സമയം നൽകുവാൻ ഇന്നത്തെ കാലഘട്ടത്തിൽ സാധിക്കില്ലെന്നതു കൊണ്ട് മറ്റു രീതികൾ അവലംബിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതകളാണ്.

ഓരോ വർഷവും പവർ പർച്ചേസിനു വേണ്ട തുക കൂടിക്കൂടി വരികയാണ്. കഴിഞ്ഞ വർഷം പതിമൂവ്വായിരം കോടിയായിരുന്നു വെങ്കിൽ ഈ വർഷം പതിനയ്യായിരം കോടിയായി ഉയരുമെന്നാണ് എല്ലാവരും കരുതുന്നത്.ആകെയുള്ള വരുമാനം പതിനെണ്ണായിരം കോടി രൂപ മാത്രമാണെന്നോർക്കുമ്പോഴാണ് അതിന്റെ ഭീകരത വെളിവാകുന്നത്. അതുകൊണ്ട് വൈദ്യുതി ബോർഡ് നിലനിൽക്കണമെങ്കിൽ പവർ പർച്ചേസ് കുറച്ചു കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്, ഇല്ലെങ്കിൽ ശമ്പളവും പെൻഷനും മുടങ്ങേണ്ട സാഹചര്യമാണ് മുന്നിൽ തെളിഞ്ഞു വരുന്നത്.

നമ്മൾ പ്രതീക്ഷിച്ചിരുന്ന പീക്ക് ഡിമാന്റ് ഇപ്രകാരമായിരുന്നു.

| | |
|---|---|
| 2022 -2023 | 4547 MW |
| 2023 -2024 | 4779 MW |
| 2024 -2025 | 4924 MW |
| 2025 -2026 | 5073 MW |
| 2026 -2027 | 5227 MW |

എന്നാൽ നമുക്കെല്ലാവർക്കും അറിയാം 2023-2024 ൽ തന്നെ പീക്ക് ഡിമാന്റ് 5840 മെഗാവാട്ടിലേക്കെത്തി കഴിഞ്ഞു എന്നുള്ള സത്യം. മുകളിൽകൊടുത്തിരിക്കുന്ന കണക്കു കൂട്ടലുകൾ അനുസരിച്ചാണ് 2022-23 മുതൽ 2026 -2027 വരെയുള്ള താരിഫ് പെറ്റീഷനുകൾ റഗുലേറ്ററി കമ്മീഷനു മുന്നിൽ നൽകിയിരിക്കുന്നത്. അതുകൊണ്ടാണ് താരിഫ് ഓർഡർ വന്നതിനുശേഷം ഇടയ്ക്കിടെ ഫ്യുവൽ സർചാർജ്ജ് എന്ന പേരിൽ പലപ്പോഴായി താരിഫിൽ കൂടുതൽ തുക ഈടാക്കേണ്ടി വരുന്നത്. പവർ പർച്ചേസ് കൂട്ടിക്കൊണ്ടാണ് ഡിമാന്റ് മീറ്റ് ചെയ്യുന്നത്.

ഇത് കുറയ്ക്കണമെങ്കിൽ പവർ പർച്ചേസിൽ കാര്യമായ കുറവുതന്നെവേണം. അതിനുള്ള പദ്ധതികൾ ഓരോന്നും കെ.എസ്.ഇ.ബി. ആസൂത്രണം ചെയ്യുമ്പോൾ അതിനെയെല്ലാം തുരങ്കം വെയ്ക്കുന്ന നടപടികളുമായി പലരും മുന്നിട്ടിറങ്ങുകയാണ്. അത്തരത്തിലുള്ള തുരങ്കംവെയ്ക്കുന്നതിന്റെ അദ്ധ്യായമാണ് സ്മാർട്ട്മീറ്റർ പദ്ധതി. വൈദ്യുതിയുടെ നല്ല രീതിയിലുള്ള മാനേജ്മെന്റിനെ റിയൽ ടൈമിലുള്ള ഡാറ്റ ലഭ്യമായെങ്കിലെ സാദ്ധ്യമാവുകയുള്ളു. ഇന്നത്തെ മീറ്ററിംഗ് സംവിധാനത്തിൽ രണ്ടു മാസത്തിനുശേഷ മാണ് ഡാറ്റ ലഭ്യമാകുന്നത്. അതുകൊണ്ട് ഡിമാന്റ് മാനേജ്മെന്റ് കാര്യക്ഷമമല്ല.

വൈദ്യുതിയുടെ കാര്യത്തിൽ ഭരണഘടന പ്രകാരം കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഉത്തരവാദിത്ത

വുമുണ്ട്. ആയതുകൊണ്ടാണ് കേന്ദ്ര സർക്കാർ നയപരമായ പല തീരുമാനങ്ങളും എടുക്കുന്നത്. എന്നാൽ ആ തീരുമാനങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് വേണമെങ്കിൽ സ്വീകരിക്കാം; വേണ്ടെങ്കിൽ നിരാകരിക്കാം എന്നതാണ് നിയമപരമായ സാഹചര്യം. സംസ്ഥാനങ്ങൾക്ക് വൈദ്യുതി മേഖലയിൽ പദ്ധതികൾക്കായി മുതൽമുടക്കുവാൻ വളരെയധികം പ്രയാസം നേരിടുകയാണ്. ആ സാഹചര്യത്തിൽ കേന്ദ്രം സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതികളിൽ ഒരു വിഹിതം നൽകാമെന്നു പറയുമ്പോൾ പുറംകാലുകൊണ്ട് തട്ടിതെറിപ്പിച്ച് വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട വികസനം വേണ്ടെന്നു വെയ്ക്കുന്നത് ജനങ്ങളോടു ചെയ്യുന്ന ക്രൂരതയാണ്. ആയിരത്തി ഇരുന്നൂറു മെഗാവാട്ട് സോളാർ പദ്ധതികൾ സംസ്ഥാനത്ത് നിലവിലുണ്ട്. എന്നാൽ ഈ ഡാറ്റകളൊന്നും തന്നെ സിസ്റ്റം നിയന്ത്രിക്കുന്ന കളമശ്ശേരിയിൽ എത്തുന്നില്ല. അങ്ങിനെയില്ലാത്ത അറിവുവെച്ചാണ് സിസ്റ്റം നിയന്ത്രിക്കുന്നതെന്നറിയുമ്പോൾ നമ്മുടെ സിസ്റ്റം മാനേജ്മെന്റ് എത്രത്തോളം ശരിയാണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

ഈ സാഹചര്യം മറികടക്കുന്നതിനായാണ് കേന്ദ്ര സർക്കാർ സ്മാർട്ട് മീറ്റർ പദ്ധതി ഇന്ത്യയിലാകെ നടപ്പിലാക്കുന്നതിന് രൂപ രേഖ തയ്യാറാക്കിയത്. അതിന്റെ കൂടെ വൈദ്യുതി ശൃംഖല നവീകരിക്കുന്നതിനും പദ്ധതിയിട്ടു. സ്മാർട്ട് മീറ്റർ പദ്ധതിയിൽ 15 ശതമാനമാണ് സബ്സിഡിയെങ്കിൽ മറ്റു പദ്ധതികളിൽ 60% സബ്സിഡി കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന് മുതൽമുടക്കിന് സംസ്ഥാനങ്ങൾക്കു ബുദ്ധിമുട്ടായതു കൊണ്ട് ; സംസ്ഥാനങ്ങൾക്കു മുതൽമുടക്ക് വരാത്ത തരത്തിലുള്ള ടോടെക്സ് രീതിയാണ് മുന്നോട്ടു വച്ചിരിക്കുന്നത്. മീറ്ററിന്റെ ചെലവും കമ്മ്യൂണിക്കേഷൻ നെറ്റ് വർക്കിന്റെ ചെലവും പത്തുവർഷത്തേക്കുള്ള ഓപ്പറേഷൻ ചെലവും വരുന്ന കമ്പനി തന്നെ വഹിക്കും. പ്രതിമാസ ബില്ലിലൂടെ ഇത് തിരിച്ചുപിടിക്കും എന്നതാണ് വ്യവസ്ഥ. എന്നാൽ ഇതിനെതിരെ പടപ്പുറപ്പാട് നടത്തിയവർ ഈ പദ്ധതിയെ അട്ടിമറിച്ചു മൊത്തം മുതൽ മുടക്കും കെ.എസ്. ഇ.ബി.യുടെ തോളിലേക്കു മാറ്റി.

കാപ്പക്സ് എന്ന പുതിയ രീതിയിലാണ് ഇപ്പോൾ സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നത്. മുഴുവനായും മുതൽമുടക്ക് കെ.എസ്.ഇ.ബി.തന്നെ വഹിക്കണം. അത്തരത്തിൽ മുതൽമുടക്കു നടത്തിയാൽ മീറ്റർ വാടക കൂട്ടി അത് ഈടാക്കുവാൻ റഗുലേറ്ററി കമ്മീഷൻ സമ്മതിക്കുമെന്നു തോന്നുന്നില്ല.

കേന്ദ്രസർക്കാർ മുന്നോട്ടുവെച്ച ടോട്ടക്സ് മോഡലിലാണ് കേരളമൊഴിച്ചുള്ള സംസ്ഥാനങ്ങളെല്ലാം നടപ്പിലാക്കുന്നത്. അതുകൊണ്ട് അവർക്കൊന്നും ഇതിനുവേണ്ടി മുതൽ മുടക്ക് നടത്തേണ്ടി വരുന്നില്ല.

സ്മാർട്ട് മീറ്റർ പദ്ധതി ടോട്ടക്സ് മോഡലിൽ അഖിലേന്ത്യാ തലത്തിൽ നടപ്പിലാക്കുന്നതിന്റെ സ്റ്റാറ്റസ് ഇപ്രകാരമാണ്.

| | |
|---|---|
| അനുമതി നൽകിയത് | 22.24 കോടി എണ്ണം. |
| ഓർഡർ നൽകിയത് | 13.19 കോടി എണ്ണം. |
| ഇതുവരെനടപ്പിലാക്കിയത് | 1.64 കോടി എണ്ണം. |
| പദ്ധതി തീർക്കേണ്ടത് | 31-03-2026 |

സംസ്ഥാനത്ത് ഭരണകക്ഷി സംഘടനകളുടെ എതിർപ്പ് രാഷ്ട്രീയ തീരുമാനമായി വന്നപ്പോൾ ടോട്ടക്സ് മോഡൽ വേണ്ടെന്ന തീരുമാനത്തിലെത്തി. കാപ്പക്സ് മോഡലിൽ ആദ്യഘട്ടമായി ട്രാൻസ്ഫോർമറുകളിലും ഫീഡറുകളിലും സർക്കാർ ഓഫീസുകളിലും വ്യാവസായിക ഉപഭോക്താക്കൾക്കും സ്ഥാപിച്ചു. ഇതിനായി മൂന്നുലക്ഷം സ്മാർട്ട് മീറ്ററുകൾക്കായി ടെണ്ടർ വിളിച്ചു നടപടികൾ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിനായി ഇരുന്നൂറ്റി അമ്പത്തഞ്ചുകോടി

# AMI & SMART- METER: A MANDATORY REQUIREMENT



*Er. C.P. George*
*Deputy Chief Engineer (Rtd.)*

A well-functioning electricity infrastructure is essential for the success of a modern economy. 24x7 availability of reliable, quality and affordable power is key to economic development of the country. Power Sector has witnessed tremendous growth over the past decade in generation, transmission and universal access to electricity. Today India is surplus in power generation . The continued progress in inter-state and intra-state transmission networks has removed transmission bottlenecks and created sufficient transmission capacity to transmit electricity generated from one region to another.

In the Distribution Sector, Government of India has been assisting the States / distribution Companies (DISCOMs) through various schemes. The Distribution system has been strengthened as a result of the implementation of these schemes and India has achieved near universal electricity access by connecting more than 90% of the total 302 million households with the National Electricity Grid. Implementation of these schemes has also resulted in improved access to electricity.

---

രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ രീതിയിൽ ഒരു കോടി മുപ്പത്തിയെട്ടു ലക്ഷം ഉപഭോക്താക്കൾക്ക് ഒരു മീറ്ററിന് എണ്ണായിരത്തി അഞ്ഞൂറു രൂപ വെച്ചുള്ള അടിസ്ഥാന വില കണക്കാക്കിയാൽ പന്തീരായിരം കോടി രൂപയുടെ മുതൽ മുടക്കുവേണ്ടി വരും. 2026 മാർച്ചിൽ തീർക്കണമെന്നാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശം. നമ്മുടെ ആദ്യഘട്ടമായ മൂന്നുലക്ഷം മീറ്റർ തന്നെ സ്ഥാപിക്കുവാൻ എത്രസമയം വേണമെന്നത് വരുന്ന കമ്പനികളെ ആശ്രയിച്ചിരിക്കും.

ഇതിനിടയിൽ റഗുലേറ്ററി കമ്മീഷന്റെ നിരീക്ഷണം വന്നിട്ടുണ്ട്, സാധാരണ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ വേണമെങ്കിൽ അതിന് കൂടുതലായി വാടക നൽകാനാവില്ല എന്ന്. ഇത് വലിയൊരു പ്രതിസന്ധിയാണ് ഉണ്ടാക്കുക. മുതൽ മുടക്ക് തിരികെ ലഭിക്കില്ലെന്നു ചുരുക്കം.

കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ മാനദണ്ഡമനുസരിച്ച് സ്മാർട്ട് മീറ്റർ അനിവാര്യമായി മാറുകയാണ്. മീറ്റർ റഗുലേഷൻ ആ രീതിയിൽ ആയി കഴിഞ്ഞു. ടോട്ടക്സായാലും കാപ്പക്സായാലും സ്മാർട്ട് മീറ്റർ നടപ്പാക്കിയെ മതിയാവൂ എന്നാണ് റഗുലേഷൻ വന്നിരിക്കുന്നത്. റഗുലേറ്ററി കമ്മീഷന്റെ നീരീക്ഷണമനുസരിച്ച് സ്മാർട്ട് മീറ്റർ സ്ഥാപിച്ചാൽ അതിന്റെ മുതൽമുടക്ക് തിരിച്ച് ലഭിക്കില്ല.

സംഘടനകളുടെ ധാർഷ്ട്യത്തിന് കെ.എസ്.ഇ.ബി. വലിയ വില കൊടുക്കേണ്ടി വന്നിരിക്കുകയാണ്.

ചുരുക്കം പറഞ്ഞാൽ "തനിക്കാക്കി വെടക്കാക്കി കുളമാക്കി" !!!!

Despite the above measures, consumers do not get reliable 24x7 electricity in many parts of the country. Aggregate Technical and Commercial (AT&C) losses and the Average Cost of Supply-Average Revenue Realized (ACS - ARR) gap continue to be high. This sub-optimal performance of the Distribution Sector is identified as due to structural and management deficiencies and some remaining weaknesses in the infrastructure. The DISCOMs need to focus on improving their operational efficiencies & financial sustainability; and improve consumer services to be able to meet the desired consumer service standards.

The above requires large scale reforms in the Distribution Sector and focused schemes that are designed based on real time data that would enable the DISCOMs to reduce losses to make them financially sustainable and operationally efficien.

The penetration of intermittent renewables, such as wind and solar power, in the grid increases the difficulty of monitoring and balancing the grid as the amount of power being produced fluctuates. Today, that balancing is done through centralized controls from grid operators. The goal of grid balancing is to keep voltage up and maintain the frequency of the alternating current at 50 hertz. When the supply of energy from a renewable source slump, the fossil fuel plants typically provide the additional power needed for rebalancing. An alternative approach to dealing with renewable slumps is so-called demand response, where consumers are given financial incentives to turn equipment down, or off, when the power ancillary supply services is limited, or the grid needs balancing. Such an approach is required for optimal performance and economic load dispatch through the network which warrants the design of a Smart grid.

**Smart Meter & AMI** is the first step and requirement in the road map towards a smart grid. It is an essential foundation towards the sustainable energy security goals of the country.

Accordingly, Government of Inda has made the installation of Smart Meter -AMI as mandatory requirements for every utility for the transaction and sale of electricity.

## AMI-Smart meter Project & RDSS

It is with this aim and with the Government of India's commitment for providing 24x7 uninterrupted, quality, reliable and affordable power supply, that the Revamped Reforms Based and Results Linked Distribution Sector Scheme (RDSS) has been formulated by Ministry of Power for supporting DISCOMs to undertake reforms and improve performance in a time bound manner. The Scheme is meant for facilitating in installing prepaid smart meters for all consumers along with associated Advanced Metering Infrastructure (AMI), communicable meters for Distribution Transformers (DTs) & Feeders, Inter-Connecting Transformers (ICTincluding Artificial Intelligence (AI), Machine Learning (ML), etc. based solutions for power Sector and a unified billing and collection system.

*As per para 2.3.1of RDSS guideline, the Prepaid Smart metering for consumers, and System metering at Feeder and Distribution Transformer level with communicating feature along with associated Advanced Metering Infrastructure (AMI) will be done in TOTEX mode through PPP, to facilitate reduction of Distribution losses and enable automatic measurement of energy flows and energy accounting as well as auditing. As per para 2.3.2, Government of India funding under this Part will be available only if the DISCOM agrees to the operation of smart meters in prepayment mode for consumers, and in accordance with the uniform approach indicated by the Central Government, with implementation in TOTEX mode.*

*As per para 4.7.2 of the guideline issued by GoI for RDSS scheme, the sunset date for the scheme will be 31.03.2026 and the works executed beyond which will not be eligible for release of Central Government grant. As per para 4.7.3, as the sunset date of the scheme is already defined and disbursement of grant is based on progress and corresponding achievement of targets, it is in the interest of the DISCOMs to complete the projects expeditiously to avail the benefits under the Scheme.*

But it is observed that KSEBL, KSERC & Government of Kerala is not considering the implementation of AMI & Smart-meter project in TOTEX mode as per the guideline issued by Government of India and is not serious about the timely execution of the AMI & Smart-meter project which is to be completed mandatorily in tune with the timeline specified by Government of India.

As stated in the previous paragraph, delay in execution of the RDSS scheme can results in the loss of Government Budgetary Support (GBS) up to Rs 2567/- crore for the state based on data in the project report approved by Monitoring Committee of RDSS vide proceedings dated23/03/2022 issued by Ministry of Power, Government of India.

**National Grid and requirement of coordinated planning for optimal performance**

In India, coordinated planning and development in National Electricity Grid is a mandatory requirement to ensure optimal operation of the network with optimum utilization of resources.

Hence, we have the National Electricity Plan prepared by the Central Electricity Authority as stipulated in sub-section (4) of Section 3 of the Electricity Act and it is in accordance with the National Electricity Policy. The present plan covers review for the period 2017-22 in detail and detailed plan for the period 2022-27 and perspective plan for the period 2027-32. The Central and State Governments and the electricity utilities are supposed to devise detailed programs to ensure timely implementation of the plan document for optimal performance and sustainable development of the sector.

The Capital Investment Plan of KSEBL for the period from FY2022-23 to FY2026-27 which is supposed to be the detailed execution programs for the period to achieve the targets fixed in the National Electricity Plan is supposed to be heard and approved by KSERC before the

commencement of the plan period. But it was delayed for reasons unknown. The document submitted as early as 2022 was later modified with additional submissions and deviations. The Capital Investment plan document submitted by KSEBL for the Distribution SBU (Strategic Business Unit) was discussed during the public hearing dated 19/11/2024 conducted by Honorable KSERC. On detailed evaluation of the plan document submitted by KSEBL, it is observed that the utility did not plan and envisage to complete the AMI & Smart Meter scheme within the time limit specified as per the requirements in the statutory documents like the Metering regulations issued by CEA or energy accounting and auditing regulations for distribution companies issued by BEE. It is observed that KSEBL as a distribution utility is not bothered about the provisions in the tariff policy or the national electricity plan documents or the directives issued by Government of Inda in complying the time limit specified nor took any serious efforts to complete it in the near future.

As per para 2.3.3 & 2.3.4 of Capital Investment Plan submitted by KSEBL, the meeting convened by Hon'ble Chief Minister of Kerala on 25.08.2023, KSEBL has been directed to take necessary action for developing an alternate proposal for smart meter implementation other than TOTEX mode. Accordingly, it was decided to implement smart meters for feeder & border meters (about 4,200), distribution transformer meters (about 87,200), Government consumers (about 1,65,000) and HT consumers (about 7,500) in the first phase for a total of around 3 lakhs smart meters. It was also decided to implement the first phase in two packages (package-1: Supply of Smart Meters with Communication Infrastructure and Head End System and package-2: Supply and implementation of MDMS). It is stated that alternate mode of implementation shall not be in TOTEX mode. The estimated cost for implementation for phase- 1 smart meter is Rs.277 crores (as per the budgetary offer received from OEMs) and is proposed to be funded by KSEBL in CAPEX mode. Again, the financing source of the scheme is yet to be finalized. Implementation of smart meters for approximately 17 lakh consumers (all category consumers included) of 6 high revenue electrical divisions is proposed in the 2nd and 3rd phase. As such, the CIP envisages the installation of only 19,50,000 out of 1,37,00,000 smart meter envisaged to complete by 27-28, whereas the time limit as per RDSS scheme for installation of smart meters for the entire electricity consumer in Kerala is 31/03/2026. As such, it is observed that the project is not even planned, designed and programmed for completion within the time frame fixed by the statutory requirements, mandatory planning document issued by Central Electricity Authority and the policy guidelines issued by Government of India.

**Statutory Requirements and Time limit for implementation of AMI & Smart Meter Project.**

1. **Mandatory Requirement as per Electricity Act read with CEA (Installation and Operation of Meters) Regulations, 2006 amended and updated.**

As per subsection (1) of Section 55 of Electricity Act 2003, "No licensee shall supply electricity, after the expiry of two years from the appointed date, except through installation of a **correct meter** in accordance with the regulations to be made in this behalf by the Authority."

As per sub-regulation(k)of regulation 2 CEA (Installation and Operation of Meters) Regulations, 2006 (Amended 2019), **Correct Meter**' means a meter, complying the standards as specified in the Schedule to these regulations;".

And as per Sub-regulation (ta) of regulation 2 (amended 2019), **'Smart Meter'** means a meter as specified in IS 16444 and as amended from time to time;"

*As per sub- regulation (1) of regulation 4 CEA* (Installation and Operation of Meters) Regulations, 2006 (Amended 2019):

(a) *all new Interface Meters and Energy Accounting and Audit Meters shall be of static type and shall have an automatic remote meter reading facility.*

(b) *all new Consumer Meters shall be Smart Meters with prepayment feature.*

Provided that the existing meters, other than Smart Meters, shall be replaced with Smart Meters with prepayment feature within a time frame as specified by the Central Government.".

As such, the "correct meter" stated in Section 55 of Electricity Act 2003 has been specified as "smart meter" by the Central Electricity Authority. Deliberately delaying the installation of the smart meters and noncompliance of the time frame specified by Central Government for installation of the smart meters shall constitute violation of the Electricity Act. But it is observed that the Capital Investment plan of KSEBL filed before the KSERC for the period 2022-27 does not contain any program for timely installation of smart meters in their area of supply.

As per sub-regulation (2) of regulation 14 for Consumers Meters, in CEA (Installation and Operation of Meters) Regulations, 2006 (Amended 2019) it is stated that

*(a) It shall be the responsibility of the licensee to download the Meter data either locally or remotely, record the metered data, maintain database of all the information associated with the Consumer Meters and verify the correctness of the metered data:*

*Provided that the Appropriate Regulatory Commission shall specify suitable time frame for ensuring electronic meter reading of all consumer meters by the licensees.*

*(b) The licensee shall maintain accounts for the electricity consumption and other electrical quantities of its consumers:*

*Provided that the licensee shall provide information to the consumer related to his energy consumption through Mobile App or Web application or in home display or any other suitable means."*

It may be pointed out that this mandatory requirement specified in the metering regulation is feasible only with the implementation of AMI & smart meter project and the distribution licensee must take appropriate steps to ensure timely execution of the project as specified by the

Central Government timeline. But no such plan is envisaged in the capital investment plan submitted by the distribution utility KSEBL.

As per sub-regulation (da) of regulation 2, of CEA (Installation and Operation of Meters) Regulations, 2006 (Amended 2022) "'Advanced Metering Infrastructure' is an integrated system of smart meters, communication networks and data management systems that enables two-way communication between the utilities and energy meters, and the functional blocks of Advanced Metering Infrastructure typically include Head end system, Wide area network, Neighborhood area network, Data concentrator unit and Home area network; and as per sub regulation (db) of regulation 2, " 'Advanced Metering Infrastructure Service Provider' is a person appointed by the distribution licensee, for owning, operating, and maintaining Advanced Metering Infrastructure or a part of the Advanced Metering Infrastructure, till its transfer to the licensee;".

*As per sub-regulation 1(b) of regulation 4 of CEA* (Installation and Operation of Meters) Regulations, 2006 (Amended 2022) *"All consumers in areas with communication network, shall be supplied electricity with Smart Meters working in prepayment mode, conforming to relevant IS, within the timelines as specified by the Central Government:*

*Provided further that in areas which do not have communication network, installation of prepayment meters, conforming to relevant IS, shall be allowed by the respective State Electricity Regulatory Commission"*

*As per sub-regulation 2(a) of regulation 6 of* CEA (Installation and Operation of Meters) Regulations, 2006 (Amended 2022), *"Consumer meters shall generally be owned by the licensee:*

*Provided that in case the licensee has engaged the services of Advanced Metering Infrastructure Service Provider to provide Advanced Metering Infrastructure services for an Advanced Metering Infrastructure project area, the ownership of meters shall remain with Advanced Metering Infrastructure Service Provider during the contract period".*

*As per regulation 7 of* CEA (Installation and Operation of Meters) Regulations, 2006 (Amended 2022), *"all feeders and distribution transformers shall be provided with meters having automatic remote meter reading facility or Smart Meters as per relevant IS, as per the timelines specified by the Central Government:*

*Provided further that distribution transformer level energy accounting data shall be uploaded by the distribution licensees on quarterly basis on National Power Portal as per the format prescribed in Bureau of Energy Efficiency (Manner and Intervals for Conduct of Energy Audit in electricity distribution companies) Regulations, 2021".*

It may be pointed out that this mandatory requirement specified in the metering regulation is feasible only with the implementation of AMI & smart meter project and the distribution licensee must take appropriate steps to ensure timely execution of the project as specified by the Central Government timeline. But no such plan is envisaged in the capital investment plan submitted by the distribution utility KSEBL

*(Continued....)*

# തൊട്ടിയാർ വൈദ്യുതി പദ്ധതിയുടെ വിജയഗാഥ - ഓർമ്മക്കുറിപ്പുകൾ



*Er. ഹരിദാസ് വിജയൻ*
അസിസ്റ്റന്റ് എഞ്ചിനീയർ

**2024** ഒക്ടോബർ 28, കേരളത്തിന്റെ വൈദ്യുതി ചരിത്രത്തിൽ ഒരു പുതിയ സ്രോതസ്സ് കൂടി ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ച സുദിനം. കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പദ്ധതിയുടെ ഭാഗമായ 10MW, 30MW ജനറേറ്ററുകളുടെ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. ഈ ഉദ്ഘാടന വേദിയെ ധന്യമാക്കിയ വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലസേചന വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, മുൻ വൈദ്യുതി വകുപ്പ് മന്ത്രിയും ഉടുമ്പൻചോല എം.എൽ.എ യുമായ ശ്രീ. എം.എം. മണി, ദേവികുളം എം.എൽ.എ. ശ്രീ. എ. രാജ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ, നമ്മുടെ പ്രിയപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ. ബിജു പ്രഭാകർ, ഡയറക്ടർ ശ്രീ. സജീവ്, മറ്റു കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ എന്നിവർ എല്ലാവരും ആശംസകളും പ്രചോദ നങ്ങളും നേർന്നു. ഈ പദ്ധതിക്കുവേണ്ടി നിലകൊണ്ട വർക്കെല്ലാം അഭിമാനത്തിന്റെ നിമിഷങ്ങൾ. വർഷംതോറും 99 MU ഉത്പാദനം വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി കെ.എസ്.ഇ.ബി. ക്ക് ഒരു മുതൽക്കൂട്ടാകുമെന്നത് തീർച്ചയാണ്. ഈ പദ്ധതിയുടെ നിർവഹണം ഒരു ത്രില്ലർ ചിത്രത്തിന്റെ കഥപോലെ ഉദ്വേഗഭരിതവും അവിസ്മരണീയവുമായിരുന്നു. പല പ്രതിസന്ധികളും അവസരങ്ങളും പ്രതീക്ഷ കളുമാക്കി മാറ്റി ക്കൊണ്ട് ഫീൽഡ് ടീം പോരാടി നേടിയ വിജയമായിക്കൂടി വിലയിരുത്തിക്കൊള്ളട്ടെ. ഒരു മികവുറ്റ എറക്ഷൻ ടീമിനെ വാർത്തെടുക്കുവാനും തദ്വാരാ പ്രോജക്ടുകളുടെ നിർവഹണം നടത്തിയെടുക്കുവാനും നമ്മുടെ മാനേജ്മെന്റ് കാണിച്ച ധൈര്യവും എടുത്തു പരാമർശിക്കപ്പെടേണ്ടതുതന്നെയാണ്. അവസാന ലാപ്പിൽ ഒരു എൻജിനീയർ കൂടിയായ നമ്മുടെ പ്രിയപ്പെട്ട സിഎംഡി യുടെ ഇടപെടലുകളും നിർദേശങ്ങളും എന്നും ഫീൽഡ് ടീമിന്റെ മനസ്സിലുണ്ടാകുമെന്നതും തീർച്ചയാണ്. ഈ പ്രൊജക്ടിലെ ഇ&എം ടീമിനോടൊപ്പം നിരന്തരമായ ഇടപെടലുകളും, ചർച്ചകളും അവരുമായി ഉടലെടുത്ത ചങ്ങാത്തവുമെല്ലാമാണ് ഇങ്ങനെ ഒരു ഓർമ്മക്കുറിപ്പു തയ്യാറാക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. എല്ലാവരോടും ഇടപഴകിയ നിമിഷങ്ങളിൽ കിട്ടിയ ഓർമ്മകൾ എഴുതാൻ ശ്രമിക്കട്ടെ.

## പ്രോജക്ട്

പെരിയാറിന്റെ പോഷക ശാഖയായ ദേവിയാർ പുഴയ്ക്ക് കുറുകെ ആലുവ - മൂന്നാർ റോഡിന്റെ അരികിലായി വാളറയിൽ ഒരു ഓവർഫ്ളോ സെക്ഷൻ വിയർ നിർമ്മിച്ച് പദ്ധതിയിലേക്കുള്ള ജലസംഭരണിയെ ഒരുക്കിയിരിക്കുന്നു. വിയറിനോട് ചേർന്നു നിർമ്മിച്ചിരിക്കുന്ന ഇന്റേക്ക് ഗേറ്റ് വഴി ടണലിലേക്ക് പ്രവേശിക്കുന്ന ജലം കിലോമീറ്ററോളം

നീളത്തിൽ സഞ്ചരിച്ച് പവർ ഹൗസിൽ എത്തുന്നു. 10MW, 30MW മെഷീനുകളിൽ ഘടിപ്പിച്ചിരിക്കുന്ന പെൽറ്റൺ വീൽ പ്രവർത്തിപ്പിച്ചു ജനറേറ്ററിന്റെ സഹായത്താൽ വൈദ്യുതി ഉത്പാദനം സാധ്യമാക്കുന്നു. 11kV വോൾട്ടേജിൽ നിന്നും 220kV ആക്കി ഉയർത്തി ട്രാൻസ്മിഷൻ ഗ്രിഡിലേക്ക് കണക്ട് ചെയ്യുന്നു.

**ആദ്യ പ്രതിസന്ധികൾ**

പദ്ധതിയുടെ തുടക്കം മുതൽ പലതരം പ്രതിസന്ധിയിലൂടെ കടന്നുപോകാൻ വിധിക്കപ്പെട്ടിരുന്നു. ആദ്യ കോൺട്രാക്ടർ ഇ&എം ഇക്വിപ്മെന്റ്സിന്റെ ഭൂരിഭാഗവും ചൈനയിൽ നിന്നും ഇറക്കുമതി ചെയ്തു. ഇർക്കുമതി ചെയ്ത ഉപകരണങ്ങൾ പല സ്ഥലങ്ങളിലായി സ്റ്റോർ ചെയ്തു. ശേഷം കോൺട്രാക്ടർ കടക്കെണിയിലായി സൈറ്റ് ഉപേക്ഷിച്ചു പോയതോടെ പ്രൊജക്ട് അനിശ്ചിതത്വത്തിലേക്ക് വീണു. ഈ ഘട്ടത്തിൽ സിവിൽ ജോലികൾ വളരെക്കുറച്ചുമാത്രമാണ് പുരോഗമിച്ചിരുന്നത്. പവർ ഹൗസിന്റെ സ്കെൽറ്റണും EOT ക്രെയിനും മാത്രം പൂർത്തിയായിരുന്ന നിലയിൽ വർഷങ്ങളോളം കിടക്കേണ്ട ദുരവസ്ഥ പ്രൊജക്ടിൽ സംജാതമായി. ശേഷം സിവിൽ ഇ&എം ജോലികൾ പ്രത്യേകം പ്രത്യേകം നിർവഹിക്കണം എന്ന തീരുമാനത്തിലേക്ക് ബോർഡ് എത്തിച്ചേർന്നു. സിവിൽ വിഭാഗത്തിന്റെ ജോലികൾ ആരംഭിക്കുകയുണ്ടായി. പെൻസ്റ്റോക്ക് എറക്ഷൻ വർക്ക് M/s. SSIPL Trichy യും മറ്റു സിവിൽ ജോലികളെല്ലാം M/s. Prill എന്നിവർക്ക് ലഭിക്കുകയും പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. ഇ&എം പ്രവർത്തികളുടെ കാര്യങ്ങൾക്ക് അപ്പോഴും തീരുമാനമായിരുന്നില്ല. ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ പല സ്ഥലങ്ങളിൽ സ്റ്റോറേജിൽ തുടർന്നുകൊണ്ടേയിരുന്നു. അന്ന് ജോലിചെയ്തിരുന്ന നമ്മുടെ എഞ്ചിനീയർമാർ ഇറക്കുമതി ചെയ്ത സാധനങ്ങളുടെ ഒരു ലിസ്റ്റ് തയാറാക്കാൻ ശ്രമിക്കുകയും ഒരു പരിധിവരെ അത് പൂർത്തിയാക്കുകയും ചെയ്തു. അങ്ങനെയിരിക്കെ കേരളത്തെ മുഴുവൻ പിടിച്ചുകുലുക്കിയ 2018 ലെ പ്രളയം ലോവർ പെരിയാർ കോളനിയിൽ സൂക്ഷിച്ചിരുന്ന ഉപകരണങ്ങൾക്ക് കേടുപാട് വരുത്തുകയും കുറെയധികം ഉപകരണങ്ങൾ ഒഴുക്കിക്കൊണ്ടു പോകുകയും പ്രതിസന്ധിയുടെ ആക്കം വർധിപ്പിക്കുകയും ചെയ്തു. ഈ സമയത്ത് ഞാൻ ജനറേഷൻ PET വിഭാഗത്തിൽ മൂലമറ്റത്ത് ജോലി ചെയ്തു വരികയായിരുന്നു. ഒരു സുപ്രഭാതത്തിൽ എന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീ. ബൈജു കല്ലുപറമ്പിലിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം ലഭിച്ച് കല്ലാർകുട്ടി ഏറക്ഷൻ ഡിവിഷനിലേക്ക് മാറിപ്പോകുകയും ചെയ്തു. അദ്ദേഹത്തിന് യാത്രയയപ്പ് നൽകുമ്പോൾ അവിടെയുള്ള പ്രധാന പ്രോജക്ടുകളായ പള്ളിവാസൽ എക്സ്റ്റൻഷൻ, തൊട്ടിയാർ എല്ലാം നിലച്ച അവസ്ഥയിലായതുകൊണ്ട് പ്രത്യേകിച്ച് പണിയൊന്നും സാറിന് അവിടെ ഉണ്ടാകില്ലെന്നും ആശംസിച്ചത് ഞാൻ ഓർക്കുന്നു.

**ആക്ഷേപം മറികടക്കൽ**

കെ.എസ്.ഇ.ബി.യുടെ ജനറേഷൻ പ്രോജക്റ്റുകൾ അവയുടെ ടൈം ആൻഡ് കോസ്റ്റ് ഓവർ റണ്ണിലേക്ക് പ്രവേശിക്കുന്നത് മീഡിയയും മറ്റു ഏജൻസികളും കൃത്യമായി നിരീക്ഷിക്കുകയും വലിയ ആക്ഷേപങ്ങൾ ഉന്നയിക്കുകയും നമ്മുടെ പേരിന് കളങ്കമുണ്ടാക്കുന്ന തരത്തിൽ അവ പ്രചരിക്കാൻ ഇടയാകു

കയും ചെയ്തു. ഇത്തരത്തിൽ ഉടലെടുത്ത അധിക പ്രതിസന്ധികൾ കൂടിയായപ്പോൾ എന്ത് വിലകൊടുത്തും പദ്ധതികൾ സാക്ഷാത് കരിക്കേണ്ടത് തന്നെയെന്ന് ബോർഡ് മാനേജ് മെന്റ് തീരുമാനിക്കുകയും അതിനുവേണ്ട കാര്യങ്ങൾ വിഭാവനം ചെയ്യുകയും ചെയ്തു. നമ്മുടെ പ്രിയപ്പെട്ട ഡയറക്ടർ Er. സിജി ജോസ് നിർണായകമായ തീരുമാനങ്ങൾ കൈക്കൊ ള്ളുവാൻ ബോർഡിന് വേണ്ട ഇൻപുട്ടുകൾ നൽകുകയുണ്ടായി. ആദ്യമായി പദ്ധതിയുടെ ഭാഗമായി ചൈനയിൽനിന്നും ഇറക്കുമതി ചെയ്ത ഉപകരണങ്ങളിൽ ഷെൽഫ് ലൈഫ് തീരാത്ത ഉപകരണങ്ങളുടെ ഇൻസ്റ്റാളേഷൻ വേണ്ട റിഫർബിഷ്മെന്റ് നടത്തി ഒരു ഇറക്ഷൻ കോൺട്രാക്ടറെക്കൊണ്ട് ചെയ്യുന്നതിനും ഇതിനോടനുബന്ധിച്ച് ഷെൽഫ് ലൈഫ് കഴിഞ്ഞതോ വെള്ളപ്പൊക്കത്തിൽ നഷ്ടമാ യതോ ആയ ഉപകരണങ്ങൾ വേണ്ടന്നുവെച്ച് അവക്ക് പകരമായി ബോർഡ് നേരിട്ട് പർച്ചേസ് നടത്തി പഴയ ഉപകരണങ്ങളോടൊപ്പം പ്രവർ ത്തിക്കുന്ന രീതിയിൽ ഇന്റഗ്രേറ്റ് ചെയ്യുവാനും അവ ഇൻസ്റ്റാൾ ചെയ്യുന്നതിനും മറ്റൊരു കോൺട്രാക്ടറെ കണ്ടെത്താനും തീരുമാനിച്ചു. ഇതിലൊന്നും ഉൾപ്പെടാത്ത ജോലികൾ വിവിധ കരാറുകളിലൂടെ സമയാസമയം നടത്തിയെടുക്കാവുന്നതാണ് എന്നും തീരുമാ നിക്കുകയുണ്ടായി.

## KSEBL സൈനികർ രംഗത്തേക്ക്

പ്രോജക്ട് എക്സിക്യൂഷന് വേണ്ടുന്ന ഇച്ഛാശക്തിയുള്ളതും പ്രോജക്ടിന്റെ കമ്മീഷ നിംഗ് മനസ്സിൽ കാണുവാൻ ശേഷിയുള്ള തുമായ ഒരു ഫീൽഡ് ടീമിനെ തിരഞ്ഞെടുക്കുക എന്ന പ്രവർത്തനം പുരോഗമിച്ചു. നിരവധി യാളുകളെ ഈ ഉദ്യമത്തിനായി ഇറക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വ ത്തിൽ ബന്ധപ്പെടുകയുണ്ടായി. ഈ ശ്രമകര മായ ജോലിസാഹചര്യങ്ങളിലേക്ക് സധൈര്യം കടന്നുവരാൻ നമ്മുടെ പ്രിയപ്പെട്ട ധാരാളം മെമ്പർമാർ സന്നദ്ധരായി എത്തി. ഇത്രയും വെല്ലുവിളികൾ നിറഞ്ഞ പ്രോജക്ടിലേക്ക് Er. ഷാജി കെ മാത്യൂസ് ചെയർമാനായ ഒരു സാങ്കേതിക ഉപദേശക സമിതിയെ ബോർഡ് തിരഞ്ഞെടുക്കുകയുണ്ടായി. ഈ സമിതിയിൽ അംഗമായി പ്രവർത്തിക്കുവാനുള്ള അവസരം എനിക്കും ലഭിക്കുകയും എന്റെ കഴിവിനും സാഹചര്യത്തിനും അനുസരിച്ച് പ്രവർത്തി ക്കുവാൻ സാധിക്കുകയും ചെയ്തതിൽ ഞാനും സന്തോഷവാനാണ്. പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിന്റെ തുടക്കത്തിൽ COVID-19 മഹാമാരി യോടനുബന്ധിച്ചുണ്ടായ lockdown പദ്ധതിയുടെ പ്രവർത്തനങ്ങളെ വീണ്ടും പ്രതിസന്ധിയിലേക്ക് നയിക്കുകയുണ്ടായി. എന്നാൽ ഇത്തരത്തിൽ ഉടലെടുത്ത പ്രതിസന്ധികളെ KSEBLഎഞ്ചിനീയർമാർ, വളരെ ജാഗ്രതയോടെ സുരക്ഷാ മാനദണ്ഡ ങ്ങൾ പാലിച്ച് മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചു.

### വിജയത്തിന്റെ നായകർ

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് എപ്പോ ഴെങ്കിലും പ്രവർത്തിച്ചിട്ടുള്ളവർ എല്ലാവരും തീർച്ചയായും ഈ വിജയത്തിന് കാരണക്കാ രായവർ തന്നെയാണ്. എന്നിരു ന്നാലും പദ്ധതിയുടെ പൂർത്തീകരണത്തി ലേക്ക് ആദ്യാവസാനം ധീരതയോടെ നിലകൊണ്ട വരെ അഭിനന്ദിക്കാതെയും ഓർക്കാതെയും പോകുന്നത് ഈ എഴുത്ത് അപൂർണമാക്കു മെന്നത് പറയാതെ വയ്യ. ഇത്തരുണത്തിൽ പ്രവർത്തിച്ചവരെ അവരുടെ അനുഭവങ്ങളി ലൂടെ തന്നെ തുടർന്നുള്ള ലക്കത്തിൽ കേൾക്കാം..

# ബോർഡിലെ അവകാശ സമരങ്ങളിൽ പങ്കെടുത്തവരെ ആദരിച്ചു

തിരുവനന്തപുരം: 1974, നവംബർ 1 അർഹതപെട്ട വേതനത്തിനും ന്യായമായ തൊഴിൽ മാനദണ്ഡങ്ങൾക്കും വേണ്ടി കെ എസ് ബി എഞ്ചിനീയേഴ്സ് അസോസിയേഷൻ നേതൃത്വത്തിൽ കെ.എസ്.ഇ.ബി.യിൽ ആരംഭിച്ച ഐതിഹാസിക സമരപോരാട്ടത്തിന്റെ സുവർണ്ണജൂബിലി ആചരിച്ചു. 1974,നവംബർ 1ന് രാവിലെ യാണ് സമരം ആരംഭിച്ചത്. കേരളമാകെ നിശ്ചലമായി, വ്യവസായങ്ങൾ സ്തംഭിച്ചു, രാത്രി ഇരുളടഞ്ഞതായി സമരത്തിന് നേതൃത്വം നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വരെയുള്ള 27 പേരെ മിസ (MISA) നിയമം ചുമത്തി അറസ്റ്റ് ചെയ്തു ജയിലിലാക്കി. പിറ്റേ ദിവസം നവംബർ 2ന് തന്നെ ജനങ്ങൾക്ക് നേരിട്ട ബുദ്ധിമുട്ട് കണക്കിലെടുത്ത് സംഘടന സമരം പിൻവലിച്ചിരുന്നു. അറസ്റ്റ് ചെയ്തവരുടെ ജയിൽ വാസം 34 ദിവസത്തോളം നീണ്ടു. ഒടുവിൽ സമരത്തിനാധാരമായി ഉന്നയിക്കപ്പെട്ട ആവശ്യങ്ങളുടെ യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ട അധികാരികൾ സമരക്കാരുമായി ചർച്ച ചെയ്ത് പ്രധാന ആവശ്യങ്ങളെല്ലാം അംഗീകരിച്ചു. അങ്ങനെ ബോർഡ് ജീവനക്കാർ ഇന്നനുഭവിച്ച് പോരുന്ന അവകാശങ്ങൾക്ക് അംഗീകാരമായി. സമരത്തിൽ പങ്കെടുത്ത് തുറുങ്കിലടക്കപെട്ട 27പേരിൽ 10 സമര നായകർ ഇപ്പോഴും നമ്മോടൊപ്പമുണ്ട്. സമര അനുസ്മരണാർത്ഥം 2024 നവംബർ 1 ന് ഇൻസ്റ്റിട്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ നടന്ന സമ്മേളനം മുൻ പ്രസിഡന്റ് *Er.* പി.സി.ജോൺ ഉദ്ഘാടനം ചെയ്തു. *Er.* എം.ഏൽ. അനിധരൻ അനുസ്മരണ പ്രഭാഷണം നടത്തി. തദവസരത്തിൽ സന്നിഹിതരായ 6 സമരനായകരെ പൊന്നാടയണയും ഫലകവും നൽകി ആദരിച്ചു. സുവർണ ജൂബിലി സമരസ്മരണിക യുടെ പ്രകാശനം *Er.* ധർമ്മ പാലൻ നിർവഹിച്ചു. *Er.* ചെറിയാൻ ഉമ്മൻ, *Er.* ജോനാസ് ഡെറിക്, *Er.*സി. വിജയകുമാർ, *Er.*മുരളീധരൻ നായർ, *Er.* മുരുകേശൻ, *Er.*രാജശേഖരൻ തുടങ്ങിയവർ സംസാരിച്ചു. അസോസിയേഷൻ പ്രസിഡന്റ് *Er.* ഷാജ്കുമാർ അധ്യക്ഷം വഹിച്ചചടങ്ങിൽ ജനറൽ സെക്രട്ടറി *Er.*മുഹമ്മദ് റാഫി സ്വാഗതവും *Er.* മുകേഷ് കുമാർ നന്ദിയും പറഞ്ഞു.

✵




## അഭിനന്ദനങ്ങൾ



മഹാകവി **പി. കുഞ്ഞിരാമൻ നായരുടെ** പേരിൽ
പി.ഫൗണ്ടേഷന്റെ 'താമരത്തോണി' സാഹിത്യ പുരസ്കാരം
2024 Er. കെ.പി. ഗോപാല കൃഷ്ണൻ ന് ലഭിച്ചു.

# CEA Regulation or KSERC Regulation?



**Er. J. Sudhakaran Nair**
Deputy Chief Engineer (Rtd.)

***The Section 4 of Central Electricity Authority (Technical Standards for Connectivity of the Distributed Generation Resources) Regulations, 2013 is as follows.***

**4. General Connectivity Conditions -**

(1) The applicant shall make a formal request to the appropriate licensee for connection to electricity .system of the appropriate licensee or generating station as the case may be.

(2) The applicant shall be responsible for the planning, design, construction, reliability, protection and safe operation of its own equipment subject to the regulations for construction, operation, maintenance and connectivity and other statutory provisions.

(3) The applicant and the user shall furnish data as prescribed by the appropriate licensee in a non~ discriminatory manner.

(4) The applicant and the user shall provide necessary facilities in the distributed generation resource for communication and storage of data and other parameters as may be stipulated by the appropriate licensee in a non-discriminatory manner.

(5) The applicant and the user shall coordinate with the appropriate licensee on the issues including but not limited to protection, safety, and metering.

(6) The appropriate licensee shall carry out the inter-connection study to determine:-

(a) the point of inter-connection, required interconnection facilities and modifications required on the existing electricity system, if any, to accommodate the interconnection,

(b) the maximum net capacity of the distributed generation resource at a particular location for single-phase and three phase generators connected to a shared single phase system or three phase system respectively, based on the capacity and configuration of the electricity system, and imbalance in the power flows that distributed generation resource may cause,

(c) likely impact, if any, on the quality of service to consumers connected to the electricity system and measures to mitigate the same,

(d) additional measures to ensure safety of the equipment and personnel.

(7) Every connection of an applicant's system to the electricity system shall be covered by a connection agreement between the applicant and appropriate licensee, which shall contain

general and specific technical conditions, applicable to that connection.

(8) The appropriate licensee shall inform the concerned State transmission utility within thirty days of acceptance of application for connectivity of a generating station to electricity system operating at voltage level below 33 kV. The concerned State transmission utility shall in turn inform the State Load Despatch Centre with details of installed capacity, generator capabilities, connectivity and likely date of commissioning or date of commercial operation. "

**The 'Kerala State Electricity Regulatory Commission (Renewable Energy and Net Metering) Regulations, 2020'. Is as follows.**

*"14. Connectivity.-*

(1) The distribution licensee shall, without any delay or discrimination, provide net metering arrangements to the prosumer, subject to other provisions and technical limits specified in these Regulations.

(2) The cumulative capacity of distributed energy systems allowed to be interconnected with the distribution network shall not exceed 75 % of the distribution transformer capacity as the case be.

Provided that the distribution licensee shall publish the individual transformer capacities and the Renewable Energy Systems connected to their respective transformers, section wise, not later than 5th of every month in the distribution licensees respective section offices and also in the licensee's website. The Commission may review these provisions after completion of two years from the date of notification of these Regulations."

The provision regarding the cumulative capacity of Distributed Energy Systems allowed to be interconnected with the distribution network looks different in the CEA Regulation and in the KSERC Regulation.

Which is to be followed? Can SERC regulation amend the CEA Regulation?

SCAN to download previous editions of Hydel bullet

LETTER TO THE EDITOR

The Chief Editor
**Hydel Bullet**
KSEB Engineers' Association,
Panavila
Thiruvananthapuram - 695001
Phone : 0471 - 2330696
hydelbulletin@gmail.com
**Mob : 7012117197, 9495600714**

## സുഭാഷിതം

# പ്രകൃതി നിയമം



*Er* കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

**മൗ**റീഷ്യസ് ദ്വീപ്. ഈ ദ്വീപിലെ ഒരു വിശേഷപ്പെട്ട പക്ഷിയാണ് ഡോഡൊ പക്ഷി. അത് ഇന്ന് നാമാവശേഷമായി. നശിക്കാൻ കാരണം അതിന്റെ ഭാരിച്ച തടി തന്നെ. തടി കാരണം വേട്ടക്കാരിൽ നിന്നും ഓടി രക്ഷപ്പെടാൻ സാധിക്കുമായിരുന്നില്ല. ഈ പക്ഷിയുടെ തിരോധാനത്തിനുശേഷം വേറൊരു അവിശ്വസനീയമായ പ്രതിഭാസം അവിടെ സംജാതമായി; ഒരു പ്രത്യേകതരം വൃക്ഷവും അപ്രത്യക്ഷമായി. കാൽവേറിയൻ മേജർ എന്ന വൃക്ഷമാണ് നാമാവശേഷമായത്. കാൽവേറിയൻ മേജറും ഡോഡോ പക്ഷിയും തമ്മിൽ നേരിട്ട് ഒരു ബന്ധവുമില്ലെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാം. എന്നാൽ, പക്ഷിയുടെ നാശത്തിനു ശേഷം വൃക്ഷവും അപ്രത്യക്ഷമായി എന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെ. ഇതെങ്ങിനെ സംഭവിച്ചു. കാരണം അന്വേഷിച്ചാൽ മനസ്സിലാകുന്നത്... കാൽവേറിയൻ മേജറിന്റെ വിത്തിന് കട്ടിയുള്ള പുറംതോടാണ്. അത് ഭൂമിയിൽ വെറുതെ ഇട്ടാൽ മുളക്കില്ല. ഈ വിത്ത് ഡോഡൊ പക്ഷിയുടെ ആഹാരമാണ്. പക്ഷി അത് തിന്നുന്നു. പുറംതോടിന്റെ കട്ടി കാരണം വിത്ത് ദഹിക്കാതെ കട്ടികുറഞ്ഞ പുറംതോടൊടെ വിസർജിക്കപ്പെടുന്നു. ഇങ്ങനെ വിസർജിക്കപ്പെടുന്ന വിത്ത് മുളച്ച് വൃക്ഷമായി വളരുന്നു.

അതായത് കാൽവേറിയൻ മേജർ എന്ന വൃക്ഷത്തെ നാം ഇന്ന് ഭൂമിയിൽ കാണുവാൻ കാരണം ഡോഡൊ പക്ഷിയാണെന്ന് സാരം. ഓരോ സൃഷ്ടിയുടെയും നിലനിൽപ്പിന് പ്രകൃതി ഓരോ മാർഗ്ഗം കണ്ടെത്തിയിട്ടുണ്ട്.

മനുഷ്യന് ഇതിൽ നിന്നും പഠിക്കുവാൻ പാഠങ്ങളുണ്ട്. ഒറ്റക്ക് ജനിക്കുന്ന അവൻ ഒറ്റക്കല്ല ജീവിക്കേണ്ടത്. അവൻ സമൂഹ ജീവിയാണ്. പരസ്പര സഹകരണവും സഹായവുമാണ് മനുഷ്യന്റെ നിലനിൽപ്പിന്നാധാരം. പണ്ടുതൊട്ടേ അവൻ അനുവർത്തിച്ചു വന്ന രീതി ഇതായിരുന്നു. ശാരീരികമായും മാനസികമായും; എന്തിനധികം, സാമ്പത്തികമായി പോലും അയൽക്കാരന്റെ തുണ എപ്പോഴും പ്രതീക്ഷിക്കാം. അടുത്ത വീട്ടിൽ ഉച്ചയ്ക്ക് കഞ്ഞിവെക്കാൻ വകയില്ലെന്ന് മനസ്സിലായാൽ അയൽവീട്ടുകാരൻ ആവശ്യമായ അരി അവിടെ എത്തിച്ചുകൊടുക്കും. സ്വന്തം പറമ്പിലുണ്ടായ വാഴക്കുലയുടെ പങ്ക് അയൽ വീട്ടുകാർക്കും പങ്കുവെയ്ക്കുന്ന ശീലം അന്നുണ്ടായിരുന്നു. ഒരു വീട്ടിൽ ആർക്കെങ്കിലും അസുഖം വന്നാൽ അടുത്ത വീട്ടിലെ ആൾക്കാർ വന്ന് ആശുപത്രിയിൽ കൊണ്ടുപോകുവാനും മറ്റും വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തിരിക്കും. ഇതെല്ലാം പഴയ കാല അനുഭവങ്ങൾ.

കാലം കഴിയുംതോറും മാറ്റം വന്നു കൊണ്ടിരിക്കുന്നു. ഇന്നത്തെ അവസ്ഥ നമുക്കെല്ലാം അറിയാം. ഗ്രാമജീവിതത്തിൽ നിന്ന് നഗരജീവിതത്തിലേക്ക് മാറിയപ്പോൾ അവനാകെ മാറി. താമസം വീടുകളിൽ നിന്ന് ഫ്ളാറ്റുകളിലേക്കു മാറിയപ്പോൾ ജീവിതശൈലിയിലും ഗണ്യമായ മാറ്റംവന്നു. ഒരു വീട്ടിൽ അഥവാ ഫ്ളാറ്റിൽ നടക്കുന്നത് അടുത്ത വീട്ടുകാരറിയുന്നില്ല. അഥവാ അറിയിക്കുന്നില്ല. എന്തിനധികം, അടുത്ത ഫ്ളാറ്റിലെ ആളുകളെ അറിയുകപോലുമില്ല. മുൻതലമുറ അങ്ങനെയായിരുന്നില്ല. ദുഃഖത്തിലും സന്തോഷത്തിലും പരിസരവാസി

# അനാസ്ഥ – നമുക്ക് ഒരു തുടർക്കഥ – 5



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**ഒ**രു സാധാരണ പൗരന്റെ കാഴ്ചാനുഭവങ്ങളും ചിന്താഗതികളുമാണ് ഈ പരമ്പരയിലൂടെ പങ്കുവയ്ക്കുന്നത്. നിസ്സാരവും എളുപ്പം പരിഹാരം കാണാനാവുന്നതുമായ എത്രയോ പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ടെങ്കിലും അവയെ തമസ്കരിക്കുന്ന ശീലമാണ് പൊതുവെ കണ്ടുവരുന്നത്. അത്തരത്തിലുള്ള ചില കാര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നു.

ചെലവു ചുരുക്കൽ ഏതൊരു പ്രസ്ഥാന ത്തിന്റെയും നിലനിൽപ്പിന് അത്യാവശ്യമാണ്. സർക്കാരിന്റെ കാര്യത്തിലും ഭിന്നാഭിപ്രായം ഉണ്ടാകേണ്ടതില്ല. നമ്മുടേതുപോലെ ഭരണ ചെലവ് മറ്റെവിടെയും ഉണ്ടാകുമെന്ന് തോന്നു ന്നില്ല. റവന്യൂ വരുമാനത്തിന്റെ എൺപതു ശതമാനവും ശമ്പളത്തിനുവേണ്ടി മാത്രം ചെലവാകുന്നുവെന്ന് ഇടതുപക്ഷ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടെയുള്ളവർ പലതവണ പറഞ്ഞിട്ടുണ്ട്. ഒട്ടും പ്രയോജനകരമല്ലാത്ത തസ്തികകളിലൂടെ ഫയലുകളുടെ നീക്കം മന്ദീഭവിപ്പിക്കുന്ന സർക്കാർ ശൈലി ശാപം തന്നെയാണ്.

പൗരന്മാരെ സംബന്ധിച്ചിടത്തോളം സന്തോഷകരമായ ജീവിതം പോലെ പ്രാധാ ന്യമുള്ളതാണ് നിയമ പരിരക്ഷയുള്ള ജീവിത വും. കള്ളക്കേസ്സുകളിലും വ്യാജ ആരോപണ ങ്ങളിലും കുടുങ്ങി എത്രയോപേർ നരകയാ തന അനുഭവിച്ചുകഴിഞ്ഞു; അനുഭവിച്ചു വരുന്നു. കാളപെറ്റുവെന്നു കേട്ടാൽ കയറെടു ക്കുന്ന സമീപനം നീതിന്യായ വ്യവസ്ഥയ്ക്കു ഭൂഷണമല്ല. ആരോപണങ്ങളിൽ കഴമ്പുണ്ടെ ന്ന് നൂറുശതമാനം ഉറപ്പില്ലാതെ കുറ്റം ആരോപിക്കപ്പെട്ടവരെ കുറ്റവാളിയെന്ന നിഗമനത്തിലും സംശയത്തിലും, കസ്റ്റഡിയി

കൾ മുഴുവൻ ഇടപെടുമായിരുന്നു; ഒരു കുടുംബത്തിലെ അംഗത്തെ പോലെ അതിൽ ഭാഗഭാക്കാകുമായിരുന്നു. അങ്ങിനെയൊരു കാലമുണ്ടായിരുന്നു!

കൂട്ടുകുടുംബത്തിൽ ജീവിച്ച മനുഷ്യൻ ഇന്ന് അണുകുടുംബത്തിലേക്ക് മാറിയിരി ക്കുന്നു. നിറഞ്ഞ വീട്ടിൽ ജീവിച്ച അവൻ ഇന്ന് മൂന്നോ നാലോ ആൾക്കാർ ഉൾക്കൊള്ളുന്ന ചെറു കുടുംബമായി കഴിയുന്നു. വീട്ടിൽ ഉള്ളവർ തന്നെ പരസ്പര ആശയവിനിമയ മില്ലാതെ അവരവരുടെ ലോകത്ത് ഒതുങ്ങുന്നു. അച്ഛനമ്മമാരെ തിരിച്ചറിയാത്ത മക്കളുണ്ടെന്ന റിഞ്ഞാൽ ഞെട്ടരുത് ! നാട്ടിൽ വർദ്ധിച്ചു വരുന്ന അനാഥാലയങ്ങളുടെയും വൃദ്ധസദന ങ്ങളുടെയും സൂചന അതാണ് നൽകുന്നത്.

മനുഷ്യർ തമ്മിലും മറ്റിതര ജീവജാല ങ്ങൾ തമ്മിലും നല്ല ബന്ധങ്ങൾ അനിവാര്യ മാണ്. വീട്ടുമുറ്റത്ത് ഒരു പാത്രത്തിൽ അല്പം വെള്ളം വെക്കുന്നത് പക്ഷികൾക്കും മറ്റും വലിയൊരാശ്വാസമാണ്. ഒരു നഷ്ടവുമില്ലാത്ത വലിയൊരു കാരുണ്യ പ്രവർത്തനം. പരസ് പരം സഹകരിച്ച് ജീവിക്കുക എന്നത് പ്രകൃതി നിയമമാണ്. ഒരു ജീവിയുടെ നിലനിൽപ്പ് വേറൊരു ജീവിയുടെ സാന്നിദ്ധ്യം കൊണ്ടാ ണെന്ന് പ്രകൃതിയെ നിരീക്ഷിച്ചാൽ മനസ്സി ലാകും. അതാണ് മൗറീഷ്യസ് ദ്വീപിലെ ഡോഡൊ പക്ഷിയുടെയും കാൽവേറിയൻ മേജർ വൃക്ഷത്തിന്റെയും അനുഭവം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ലെടുക്കുന്നതും ഭേദ്യം ചെയ്യുന്നതും കോടതി കയറ്റുന്നതും പരിഷ്കൃത സമൂഹത്തിന് അപമാനമാണ്. നിരപരാധികളെ ഇത്തര ത്തിൽ പീഡനത്തിന് വിധേയമാക്കുന്നത് നിയമത്തിന്റെ ദൃഷ്ടിയിൽ ശിക്ഷയല്ലെങ്കിലും ഫലത്തിൽ ശിക്ഷതന്നെ യാണ്. നിരപരാധി കൾക്കുള്ള ശിക്ഷ !!! ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്ന നിയമ വ്യവസ്ഥയുടെ പ്രസക്തിയെത്തന്നെ ഇല്ലാതാക്കുന്നതാണ് നിയമസാധുതയുള്ള ഇത്തരം നീതിനിഷേധങ്ങൾ. വൈകിക്കിട്ടുന്ന നീതി നിഷേധിക്കപ്പെടുന്ന, നീതിക്ക് തുല്യമാ ണെന്ന് ന്യായാധിപന്മാർ തന്നെ പറയാറു ണ്ടെങ്കിലും പരിഹാരം എന്നും അകലെയാണ്. നിരപരാധികൾ യാതൊരു കാരണവശാലും ശിക്ഷിക്കപ്പെടാനിടവരരു തെന്ന കാര്യത്തിന് മൗലികാവശങ്ങൾ പോലെ പ്രാധാന്യം നൽകാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു.

ശുദ്ധജലം നമുക്കൊഴിവാക്കാനാകില്ല. നിർഭാഗ്യവശാൽ തലസ്ഥാന നഗരം പോലുള്ള പലയിടത്തും ഇത് മുടങ്ങുന്നത് പതിവാ ണെങ്കിലും ശാശ്വത പരിഹാരത്തിന് പദ്ധതി കളൊന്നും ഉണ്ടാകുന്നില്ല.

പ്രധാനപ്പെട്ട ചില ജോലികൾ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യത്തിന് വിശ്രമം എന്നത് വളരെ അനിവാര്യമായ കാര്യമാണ്. പക്ഷേ പലർക്കും അത് നിഷേധിക്കപ്പെടുന്നു. അത് ദുരന്തങ്ങൾക്കു വരെ വഴിമരുന്നിടുന്നു. ഉന്നതതലങ്ങളിലിരുന്ന് അധികാര ദുർവിനി യോഗം നടത്തുന്ന ഉദ്യോഗസ്ഥ ദുഷ് പ്രഭുക്ക ന്മാർക്ക് അതറിയില്ല. അവർ കീഴുദ്യോഗസ്ഥരെ അടിമകളായിക്കണ്ട് അമിതമായ അദ്ധ്വാന ഭാരം ഭീഷണികളിലൂടെയും സമ്മർദ്ദങ്ങളിലൂ ടെയും മാനസികപീഡനങ്ങളിലൂടെയും അടിച്ചേൽപ്പിക്കുന്നു. ആശുപത്രി ജീവനക്കാർ, ദീർഘദൂര വാഹന ഡ്രൈവർമാർ തുടങ്ങിയ വർ ഈ കൊള്ളരുതായ്മകൾക്ക് ഇരയാകുന്നു. തിരുവനന്തപുരത്തെ തൈക്കാട് ആശുപത്രി യിൽ ഒരു നേഴ്സ് ഓപ്പറേഷൻ തീയേറ്ററിൽ കുഴഞ്ഞു വീണിട്ട് അധികകാലമായില്ല.

ആഗോളതാപനം വലിയ ഭീഷണിയായി ട്ടുള്ള ഇക്കാലത്ത് അസഹനീയമായ വെയിൽ ചൂടിൽ നിന്ന് ആശ്വാസം ലഭിക്കാൻ നമ്മുടെ പല പൊതുയാത്രാ സംവിധാനങ്ങൾക്കും കരുതലുകളില്ല. പഴയകാല ബസ്സുകളിൽ വെയിൽ പ്രകാശം കടക്കാത്ത ഷട്ടറുകളുണ്ടാ യിരുന്നു. ഇപ്പോഴാകട്ടെ നിരക്കിനീക്കി വായു പ്രവാഹം സ്വീകരിക്കാനാകാത്ത വിധമുള്ള ചില്ലുകൊണ്ടുള്ള ഷട്ടറുകളാണ്.

ഇപ്പോൾ മൊബൈൽ ഫോണുകളുടെ കാലമാണല്ലൊ. ഉച്ചഭാഷിണികളുടെ ശല്യം കാരണം, അത്യാവശ്യകാര്യങ്ങൾക്കുപോലും അവ ഉപയോഗിക്കാനാകാത്തസ്ഥിതി.

ഭക്ഷണശാലകളിലെ ശുചിത്വമില്ലായ് മയും വഴിപാടുപോലുള്ള പരിശോധനാ പ്രഹസനങ്ങളും മുടക്കമില്ലാതെ തുടരുന്നു.

പുതിയ പദ്ധതികൾപോലെ പ്രധാനപ്പെട്ട താണ് നിലവിലുള്ള പദ്ധതികളുടെയും സംവിധാനങ്ങളുടെയും പോരായ്മകൾ പരിഹരിക്കുന്ന കാര്യവും പലനാടുകളിലും അവയൊക്കെ അർഹിക്കുന്ന പ്രാധാന്യ ത്തോടെ കൈകാര്യം ചെയ്തു വരുന്നു. നിസ്വാർത്ഥതയും, പുരോഗമന ചിന്താ ഗതിയും, ദീർഘ വീക്ഷണവും, ഇഛാശ ക്തിയും, യൂണിയനുകളെയും ഉദ്യോഗസ്ഥ രെയും നിയന്ത്രിക്കാനും നിലയ്ക്കുനിറുത്താനു മുള്ള ശേഷിയും ഉള്ളവരാണ് ഭരണാധികാരി കളെങ്കിൽ ഏതു കാര്യവും ലക്ഷ്യത്തി ലെത്തും. അതിന് പ്രാപ്തരായ ഭരണാധി കാരികളെ കണ്ടെത്തണമെങ്കിൽ പൊതു സമൂഹം ജാഗ്രത പുലർത്തണം. മറിച്ചായാൽ കൂനൻ ചക്കയ്ക്ക് മൊരിയൻ കൂട് എന്ന പോലെയാകും.

***(അവസാനിച്ചു)***

# നായ ഒരു നല്ല ഇടനിലക്കാരനാണ്



**ഡോ. സി. രാമചന്ദ്രൻ**
*ഡെപ്യൂട്ടി ചീഫ് എൻജിനീയർ (റിട്ട.)*

**രാ**ഘവേന്ദ്രൻ ഒരു ഓണററി ക്യാപ്റ്റൻ ആയാണ് ഇന്ത്യൻ ആർമിയിൽ നിന്ന് പിരിഞ്ഞത്. സ്വയമേ വളരെ കൃത്യനിഷ്ഠ സർവ കാര്യങ്ങളിലും പുലർത്തുന്ന ആൾ. സർവീസിന്റെ ഭൂരിപക്ഷ സമയത്തും ഒറ്റയ്ക്കായിരുന്നു ജോലി സ്ഥലങ്ങളിൽ താമസിച്ചിരുന്നത്. വീട്ടുകാര്യങ്ങളും കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളും ഭാര്യ തന്നെ ശ്രദ്ധിച്ചിരുന്നു. റിട്ടയർ ചെയ്തിട്ട് സ്ഥിരമായി നാട്ടിൽ വന്നു പൂർണ്ണമായ സെറ്റപ്പിനുള്ള പശ്ചാത്തലം തന്നെ വീട്ടിൽ ഒരുക്കി. തോക്ക്, വ്യായാമ സാമഗ്രികൾ, പ്രത്യേക ബുക്കുകൾ വയ്ക്കാനുള്ള ഷെൽഫുകൾ തുടങ്ങി ഒരു വിമുക്ത മിലിറ്ററി ഓഫീസർക്ക് വേണ്ട സർവ്വതും. വിശുദ്ധനും വീര്യവാനുമായ സന്തത സഹചാരിയായിരുന്ന ശ്വാനന് പ്രത്യേക സൗകര്യങ്ങളും ഒരുക്കി. മാത്രമല്ല ആ വീട്ടിൽ സർവ്വസ്വാതന്ത്ര്യവും ഒരു അംഗത്തെപോലെ അവന് കൽപ്പിച്ചു കൊടുക്കുകയും ചെയ്തു. രാഘവേന്ദ്രന് തന്നെക്കുറിച്ച് ഒരു നല്ല മതിപ്പും ഉണ്ടായിരുന്നു. ഇത്രയും പഞ്ചൽ ആയ ഒരു ആൾ ആ നാട്ടിൻപുറത്ത് ഇല്ല തന്നെ. ക്യാൻവാസ് sports ഷൂവും അതിനനുസരിച്ചുള്ള ബനിയൻ, പാൻസ് തുടങ്ങിയവയുമെല്ലാംധരിച്ച് അധികാര ത്തിന്റെ അടയാളമായ ഒരു ചെങ്കോലും പിടിച്ച് രാഘവേന്ദ്രൻ പ്രഭാത സവാരിക്ക് ഇറങ്ങുമ്പോൾ രാവിലെ നാട്ടിൻപുറത്തെ ചായക്കടകളിൽ ചായ മോന്താൻ വരുന്നവർ ഒന്ന് ശ്രദ്ധിക്കുമായിരുന്നു.എന്നാൽ ഇതൊരു പതിവ് പരിപാടിയായി മാറിയപ്പോൾ ആളുകളുടെ ബഹുമാനം ഒന്ന് ഇടിയാനും തുടങ്ങി. ചിലരെല്ലാം രാഘവേന്ദ്രന്റെ രാജകീയ സഞ്ചാരം മാനിക്കാതെ സ്വതസിദ്ധമായ ഗ്രാമ ശൈലിയിൽ ഒക്കെ പാതവക്കിൽ മൂത്രമൊഴിക്കാനും മറ്റും ഇരുന്നും തുടങ്ങി. ഈ അവഗണന കുറച്ചൊന്നുമല്ല പുള്ളിയെ അസ്വസ്ഥൻ ആക്കിയത്. ഇതിന്റെ എല്ലാം അനുരണനങ്ങൾ ഭവനത്തിൽ എത്തുമ്പോഴാണ് പ്രതിഫലിക്കാൻ തുടങ്ങിയത്. സവാരിക്ക് ശേഷം വീട്ടിലെത്തിയാൽ പട്ടാള ചിട്ടയിൽ തന്നെ എല്ലാം നടക്കണം. ചായ മുതൽ സർവ്വതും. അല്പം മാറ്റം വന്നാൽ പത്തി വിടർത്തി പുറത്തുവരും. എല്ലാം പാവം പങ്കാളിക്ക് മേലാണ് പതിക്കുന്നത്. രാവിലെ വന്ന് ഗതകാല പ്രൗഢിയുടെ പതിപ്പായ തോക്ക് നിലത്ത് ഉയർത്തിപ്പിടിച്ച് കസേരയിൽ ഇരുന്നു കൊണ്ട് തുടച്ച് വൃത്തിയാക്കും. സന്തതസഹചാരിയായ ശ്വാനൻ മുൻകാലുകൾ നീട്ടിവെച്ച് അലസമായി ഈസി ചെയറിൽ എന്ന മാതിരി നിലത്തിരുന്ന് ഇതെല്ലാം വീക്ഷിക്കും. ഇടയ്ക്ക് സ്നേഹമസൃണമായി ചില മുരൾച്ചകളും.

ഭാര്യയെ കുറിച്ചുള്ള പരാതികൾ എല്ലാം ശ്വാനനോടാണ് പറയുക. സർവീസിൽ ഇരുന്നപ്പോൾ ഓരോ ചെറിയ സ്വകാര്യ സേവനത്തിനും ആളുകൾ സർക്കാർ ചെലവിൽ തന്നെ ഉണ്ടായിരുന്നല്ലോ. വസ്ത്രം അലക്ക്, ഷൂ പോളിഷ് , അടുക്കള ജോലി സർവതിനും. വളരെ കൃത്യതയോടെ ചെയ്തിരിക്കും. ഇന്നോ ? യാഥാർത്ഥ്യത്തിന്റെ പെരുവെയിൽ കൊണ്ട് ബുദ്ധിവരെ പൊള്ളിത്തുടങ്ങി. ഇഷ്ടമില്ലാത്തവനെയെല്ലാം ശത്രുരാജ്യക്കാരെയെന്നപോലെ വെറുത്താണല്ലോ ശീലം. എല്ലാമായികഴിഞ്ഞിടത്തു നിന്ന് ഒന്നുമല്ലാത്ത അവസ്ഥയിലേക്കുള്ള പ്രയാണം രാഘവേന്ദ്രനെ താൻ അല്ലാതാക്കുന്നു എന്ന

തോന്നൽ അനുദിനം വളർന്നുവന്നു. ഓരോ ആക്ടിവിറ്റിയിലും ഭാര്യയുടെ ഗൗരവക്കുറവ് നെഗറ്റിവിറ്റിയുടെ അളവ് വല്ലാതെ കൂട്ടി ത്തുടങ്ങി. വേലക്കാരിയുടെ തൊഴിലുകളോ ടുള്ള അലസമനോഭാവം സ്വന്തം പല്ലുകൾ കടിച്ചുപറിച്ചാണ് പലപ്പോഴും തീർക്കുന്നത്. ഒടുവിൽ തോക്ക് കീഴ്മേൽ നിറുത്തി തുടച്ചു കൊണ്ട് ശ്വാന സുഹൃത്തിനോട് പറയേണ്ടി വന്നു. *ഇവളെ കോർട്ട് മാർഷൽ ചെയ്യേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.* ശ്വാനൻ ചെവികൾ ആട്ടി സപ്പോർട്ട് ചെയ്തു. തന്റെ പൂർവ്വ പ്രതാപങ്ങൾക്ക് പുറംലോകത്തിൽ നിന്നും വേണ്ട പ്രതികരണങ്ങൾ കിട്ടാതായി. വീട്ടിനുള്ളിലും അർഹിക്കുന്ന അംഗീകാരം കിട്ടുന്നുമില്ല. ക്യാപ്റ്റൻ രാഘവേന്ദ്രന്റെ ആത്മാഭിമാനത്തിനു വരെ ക്ഷതം വന്നു തുടങ്ങി. വീടിനുള്ളിൽ പ്രതീക്ഷിക്കുന്ന സ്വീകരണവും ഇല്ല. ആകെ കൃത്യതയോടെ കൂടി തന്നെ അംഗീകരിക്കുന്നത് തന്റെ ശ്വാനൻ മാത്രമാണെന്ന് അദ്ദേഹം ഒടുവിൽ തിരിച്ചറിഞ്ഞു. അവൻ ചിരിക്കും, ദുഃഖിക്കും, പ്രോത്സാഹിപ്പിക്കും. തന്റെ എല്ലാ അവസ്ഥ കളിലുംപങ്കുചേരും.ഒടുവിൽ ഒന്നു പരീ ക്ഷിക്കാൻ തന്നെ തീരുമാനിച്ചു. ചെറിയ ഒരു ആംഗ്യ വിക്ഷേപത്തോടെ ശ്വാനനോട് കൽപ്പിച്ചു.*നീ പോയി മേടം സാബിനെ വിളിച്ച് ഒരു കപ്പ് ചായ കൊണ്ടുവരാൻ പറയൂ*. ശ്വാനൻ ഉടൻ തന്നെ അടുക്കള യിലേക്ക് ഓടി. മിനിറ്റുകൾക്കകം തിരിച്ചു വന്നു. പിറകിൽ ചായയുമായി ഭാര്യയും. കപ്പ് വാങ്ങി ഒന്നു നുണഞ്ഞിട്ടു നായയെ നോക്കി പറഞ്ഞു. *മധുരം കുറവ് ആണെന്ന് അവളോട് പോയി പറയൂ.* അപ്പോഴേക്കും ഭാര്യ അടുക്ക ളയിൽ എത്തിക്കാണും. വീണ്ടും ശ്വാനൻ തിരികെ വന്നു. പിറകിൽ പഞ്ചസാരയും സ്പൂണുമായി ഭാര്യയും. ഇതിനിടെ അവ്യക്തമായ അസ്വസ്ഥതകൾ ഭാര്യയു ടെയും ഭർത്താവിന്റെയും മനസ്സിൽ അങ്കുരി ക്കാൻ തുടങ്ങി. അന്യോന്യം നേരിട്ട് സംസാരിക്കുന്നതിനേക്കാൾ അഭികാമ്യം ഇടയ്ക്ക് ഒരു ദല്ലാൾ ഉണ്ടാകുന്നതാണെന്ന് രണ്ടുപേർക്കും ബോധ്യമായി.അങ്ങനെ ഭർത്താവിനോട് പറയേണ്ട കാര്യങ്ങൾ ഉറക്കെ ശ്വാനനോട് എന്ന മട്ടിൽ ചില അവസരങ്ങളിൽ പറയാനും തുടങ്ങി. അങ്ങനെയാണ് ഈ സന്ദേശ വാർത്തകൾ കുറേശ്ശെ പുറംലോകം അറിഞ്ഞു തുടങ്ങി യത്. അതിന് മുറ്റമടിക്കാനും അല്ലറ ചില്ലറ അടുക്കള കാര്യങ്ങൾക്കുമായി വരുന്ന വേല ക്കാരിയും ഒരു കാരണമായി. അതിൽ ഇതിന് ഒരു പരസ്യം കൊടുത്തത് പൊതുരാജ വേദി പരിപാടിക്ക് പണം പിരിക്കാൻ ചെന്ന ഒരു സംഘം ചെറുപ്പക്കാരാണ്. അവർക്ക് യുക്തി ചിന്തയും ധർമ്മബോധവും ഒന്നും നിർ ബന്ധം അല്ലല്ലോ. ഗേറ്റ് തുറന്നപ്പോൾ തന്നെ ഉച്ചത്തിലുള്ള നിർദ്ദേശം കേട്ടു. *പോയി പറയടാ ബ്രേക്ക് ഫാസ്റ്റ് എടുക്കാൻ.* ആരോ ടെന്നറിയില്ല പക്ഷേ നായ നേരെ അടുക്കള യിലേക്ക് ആകണം കുതിച്ചു. ഉടൻ തന്നെ കേട്ടു പ്രതിവാക്കുകൾ, *അരമണിക്കൂർ താമസം ഉണ്ടെന്ന് പോയി പറയടാ.* ശ്വാനൻ ഉടൻ തന്നെ യജമാനന്റെ അടുത്തേക്ക് കുതി ച്ചെത്തി. വിളിച്ചു. അത് ഒരു ചെറിയ പരിഹാ സത്തിന്റെ മണം കൊണ്ടാണെന്ന് തന്നെ രാഘവേന്ദ്രന് ന്യായമായും തോന്നി. അങ്ങനെ ആശയ വിനിമയ മാധ്യമം തന്നെ ശ്വാനൻ ആയി. പാർലമെന്ററി അല്ലാത്ത പദ പ്രയോഗങ്ങൾ വരെ ശ്വാനൻ വഴി കൈമാറ്റം ചെയ്യപ്പെട്ടു. പിന്നീട് ഇത് നാട്ടുകാർക്ക് പൊതുവേ മനസ്സിലായിത്തുടങ്ങി. അത് ഒരു സർവ്വസാധാരണ രീതിയായി ആളുകൾ അവഗണിക്കാനും തുടങ്ങി. ഇതിന്റെ ഒരു മറുവശം ഉണ്ടായി. മേംസാഹബിന്റെ അല്ലറ ചില്ലറ അസുഖങ്ങൾ എല്ലാം മാറി. മുഖത്ത് പ്രകാശവും ശാന്തിയും കളിയാടി. കാരണം ഇതുവരെ മൂർഖനായ പങ്കാളിയോട് നേരിട്ട് പറയാൻ കഴിയാതിരുന്നത് എല്ലാം ശ്വാനൻ വഴി പറയാനും വേണ്ടി വന്നാൽ ഒന്ന് അട്ട ഹസിക്കാൻ വരെ ശ്വാനൻ വഴി കഴിഞ്ഞു. സർവ്വ നെഗറ്റിവിറ്റിയും പറത്തിക്കളഞ്ഞു. നമ്മുടെ ക്യാപ്റ്റനും ഒരുമാതിരി ഡീസന്റായി.

കവിത

# പൂത്തിരുവാതിരയോഗം



*Er എം. അനിൽ*
*ഡെപ്യൂട്ടി ചീഫ് എൻജിനീയർ (റിട്ട.)*

**പൂ**ത്തിരുവാതിര നാളിൽ സായം സന്ധ്യാനേരത്ത്
പൂത്തിങ്കളുദിച്ചുയരും പൂർണ്ണപ്രഭയേറും പൂർവ്വവിഹായസ്സിൽ
പൂർണ്ണത്രയേശ്വര സന്നിധി പൂകി, പുണ്യാത്മാക്കൾ ഞങ്ങൾ
പുഷ്പാലങ്കൃത വന്ദനമാല പരിക്രമണം ചെയ്ത്

ചിത്രപ്പുഴയോരത്ത് ചിത്തചാഞ്ചല്യത്താൽ വിത്തമേറെയൊഴുക്കി
ചിത്രമത്രേയത് ചിന്മയനാം തവ ചിത്സ്വരൂപം കാൺകെ
മാലേയക്കുറിയാദ്യം മാരനിലർപ്പിച്ച്, ദേവൻ തൻ വക്ഷസ്ഥലേ
ലലാടം തന്നിലും ചന്ദനം ചാലിച്ച് ലവണയായ് മോഹനാംഗി.

ലളിതോക്തി കേട്ടഹം ലവലേശം വിട്ടില്ല ലളിതയോ താണ്ഡവമായി
മലാരി തൻപദം മദേന സംഭ്രമം ഭൂപാലൻ നോട്ടമിട്ടൂ
നളിനനയനന്റെ നന്മേനി പാർത്തുപാർത്ത് ഈ ജന്മം ഭൂസുരനായി
മലഹരി രാഗത്തിൽ മദനരിപുതനയന് സ്തോത്രമൊന്നു ചമച്ചൂ...

✵

---

ഈ കഥ ഇവിടെ വിവരിച്ചത് ഒരു പ്രത്യേക മനഃശാസ്ത്ര സമസ്യ വിശദമാക്കാൻ ആയിട്ടാണ്. സർവ്വ അധികാരങ്ങളുടെയും മുടി ചൂടാമന്നന്മാരായി വിരാജിച്ചിരുന്ന പലരും റിട്ടയർമെന്റിനു ശേഷം നേരിടേണ്ടി വരുന്ന ഒരു അവസ്ഥയുണ്ട്. സ്വന്തം അധികാരം, പ്രാധാന്യം എന്നിവയെല്ലാം സർവീസിൽ അംഗീകരിക്കപ്പെടുമ്പോൾ അനുഭവിക്കുന്ന ആനന്ദം ഒന്ന് മാറ്റി ആരുടെയും അംഗീകാരം ഒന്നും ഇല്ലാതെ സ്വയം വില കണ്ടെത്തി ഏകാന്തതയുടെ നിതാന്ത സൗന്ദര്യം ആസ്വദിച്ച് കർമ്മോന്മുഖന്മാരായി സന്തുഷ്ടരാവുക. സ്വയം തിരക്കുള്ളവരാകാൻ സ്വയം സംതൃപ്തി തരുന്ന കർമ്മങ്ങൾ നേരത്തെ തന്നെ പരിശീലിച്ച് പ്ലാൻ ചെയ്യുക. അധികാരസ്ഥാനത്ത് ഇരിക്കുമ്പോൾ അപ്രിയമായ പല സത്യങ്ങളും വ്യക്തിപരമായ നഷ്ടബോധം കൊണ്ടും പുറത്തുവരുത്താത്ത പലരും റിട്ടയർ ചെയ്തു കഴിഞ്ഞു സർവീസ് സ്റ്റോറികൾ എഴുതുന്നത് ഒരു ഫാഷനായി മാറിയിരിക്കുകയാണ്. വേണ്ട സമയത്ത് യാതൊരു ധൈര്യവും കാണിക്കാതെ റിട്ടയർ ചെയ്തതിനു ശേഷം കാണിക്കുന്ന ഈ ആർജ്ജവം ആർക്കെങ്കിലും പ്രയോജനം ചെയ്യുമോ? തിരിച്ചു പറയാത്ത അനുസരണയുള്ള ഒരു മൃഗത്തെ തെരഞ്ഞെടുക്കാൻ പറഞ്ഞാൽ അത് മിക്കവാറും ശ്വാനൻ തന്നെ. അതുകൊണ്ട് തന്നെയായിരിക്കും റിട്ടയർ ചെയ്ത പല സർവീസിലെ പുലികളും നല്ല അനുസരണയുള്ള നായ്ക്കളെ വളർത്തുന്നത്. നായ ആകുമ്പോൾ സന്തത സഹചാരിയായി തിരിച്ച് ഒന്നും പറയാതെ വാലുമാട്ടി പിറകെ നടന്നുകൊള്ളും.

✵

# MORE IS NOT ALWAYS BETTER

***Er Thomas Kolanjikombil***
Maramon.

We often tend to believe that doing more or having more, make us or the things around us, better. That is not always the case. In fact the opposite is true. This is one of the conundrums of life. More is not always better, after a certain point, more is just more. More toothpaste or more shampoo aren't better for our teeth or hair, they are simply more. Lights are very helpful in a room, but adding more lights doesn't make the illumination better, they are simply more. When we had only one channel, dooradharsan, we were content and enjoyed all the programmes. But now with so many channels to sift through, it is challenging for us to efficiently navigate and identify the programme we truly want to watch. We spend more in searching rather than actually viewing. Additionally proliferation of channels has diluted the overall quality of the programmes as networks compete for viewership. Data is the most sought after and collected thing now. It sounds right, unfortunately much of it, upto this point can't be practically applied.

So it's time we need to take closer look. Any time we think of 'more' of something ask 'is doing or having more of this actually make me better or is it just more. Is doing this vs doing something else is the best choice for'.

When we are loaded with opportunities and options, we suffer from 'the paradox of choice'. When the number of choices increases, so does the difficulty of knowing what is best. This phenomenon has been observed in many areas of life, from consumer goods to choice of partner to career decision. Having lots of choices is one of the biggest entity that separate our modern existence from the lives of our ancestors. Psychologists argue that while some choices are beneficial, too much choices can lead to negative consequences. Choice overload can lead to negative decision making. Many options available, will be taxing our cognitive system. Basically more options we are given, the less satisfied we become, with what ever we choose, because we are aware of all other options we are potentially forfeiting. More options require more time and effort to compare, which can lead to anxiety and stress.

Since the end world war I, a remarkable age of abundance in the developed world has generated previously unimaginable wealth, but distributing it amongst and between population is contentious. This enormous prosperity has spawned grave risks of climate,ecological, migratory and public health catastrophes. The age of abundance has promoted intolerance and racial individuality, undermining social cohesion and weakening a sense of common purpose. Natural resources belong to all creations, living and nonliving. To appropriate a chunk of it and waste it, is being insensitive and selfish, even stupid if done without thought.

Big banks, big shopping malls, big corporations - some economists and politicians believe that bigger is always better and modernisation means

## ഗാനമാധുരി - 19

# വഞ്ചിയും വായ്ത്താരിയും വള്ളംകളിപ്പാട്ടു ഗാനങ്ങളും (തുടർച്ച)



*Er പി.വി. പ്രമോദ്*
എക്സിക്യൂട്ടീവ് എഞ്ചിനീയർ

### കാവാലം ചുണ്ടൻ സിനിമയായപ്പോൾ

നെഹ്റു ട്രോഫി നേടാനുള്ള കന്നി വള്ളംകളി മത്സരത്തിൽ കാവാലം ചുണ്ടൻ മത്സരിച്ച് ട്രോഫി നേടിയ സംഭവം ഒരു ചലച്ചിത്രത്തിന്റെ സൃഷ്ടിക്കുതന്നെ കാരണമായി. കുട്ടനാട്ടിലെ വള്ളംകളി മത്സരങ്ങളുടെ പശ്ചാത്തലത്തിൽ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള പകയുടെ കഥ പറഞ്ഞ സിനിമ കാവാലം ചുണ്ടൻ എന്ന പേരിൽ തന്നെ 1967ൽ പുറത്തിറങ്ങി.

ഈ ചിത്രത്തിൽ ഗാനങ്ങൾ ഒരുക്കിയത് മലയാളത്തിന്റെ പ്രിയകവി വയലാറും പ്രിയ സംഗീതകാരൻ ദേവരാജനും ചേർന്നായിരുന്നു. ഈ പ്രതിഭാസംഗമത്തിൽ സ്വാഭാവികമായും ഗാനങ്ങൾ എല്ലാം ശ്രദ്ധേയങ്ങളായി.

*‘കുട്ടനാടൻ പുഞ്ചയിലെ’* എന്ന അനശ്വര ഗാനം.

---

replacement of local vendors, small businesses and MSMEs with giant global chains. We, as consumers go along passively with this trend, as we are happy with the availability of a range of global - heavily advertised glamorous - products and services. But is it good?. Farmers in North India are continuing their year long strike demanding to repeal laws introduced to favour large companies, which make them vulnerable to competition from them that could eventually lose price support for staples such as wheat and rice.

Having more of something doesn't always gaurantee quality or success. The more we control our children or subordinates, less is the outcome. We are wired up for independence, any attempt to curtail this will be negative. More features in the gadgets we use, can lead to confusion and feature redundancy. Adding redundant features can also negatively affect a model's accuracy. More features in the gadgets doesn't always mean better performance, sometimes only to increase cost. Spending more time in work, doesn't necessarily mean more productive, it is how we use the time that matters. Having more acquaintance doesn't necessarily mean deeper and meaningful relationships. Meaningful relationships are built on the foundation of mutual respect, trust, commitment and fulfilment. Success doesn't come from taking on everything that comes our way, it comes from deep focus on the tasks that really matters. The more wiser we are, the more worries we have; the more we know, the more it hurts.

The life is so complex : the things we fear most is often the things we need most to do, entropy is reality, the only constant in life is change. Embrace it, be dynamic and adaptable. A mature and wise approach to life is the acceptance that 'I can control very little in life'.

**കാവാലം ചുണ്ടൻ**




സിനിമയുടെ നിർണ്ണായകമായ ഭാഗത്ത്താളത്തിൽ തുഴ എറി ഞ്ഞു തുഴയുന്ന തുഴച്ചിൽ ക്കാരുടെ ഉശിരിൽ കായൽ പ്പരപ്പിലൂടെ ആവേശത്തിരയിളക്കി കാവാലം ചുണ്ടൻ കുതിച്ചുവരുന്ന ഒരു രംഗമുണ്ട്. ഈ രംഗത്തിന് സന്ദർഭോചിത മായ രംഗഭാഷ്യം നൽകിയത് വള്ളംകളിപ്പാട്ടിലൂടെ ആയിരുന്നു.

ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ ചീറി വരുന്ന കാവാലം ചുണ്ടന്റെ രംഗം കൊഴുപ്പിച്ച ആവേശം തുടിക്കുന്ന ഈ സംഘഗാനമാണ് 'കുട്ടനാടൻ പുഞ്ചയിലെ' സിനിമയിൽ ഏറ്റവും ഹിറ്റായത്; യേശുദാസും സംഘവും പാടിയ ഈ വള്ളംകളിപ്പാട്ടു ഗാനമായിരുന്നു.

ഒരു വള്ളംകളിപ്പാട്ടിന്റെ ജീവൻ അതിലുള്ള വായ്ത്താരികളാണ് .

കുട്ടനാടൻ പുഞ്ചയിലെ പാട്ടിന്റെ ആദ്യത്തെ മൂന്നു വരികളിൽ ഓരോന്നിന് ശേഷവും മൂന്നു തരത്തിലുള്ള വായ്ത്താരികൾ ചേർത്തിരിക്കുന്നു.

*കുട്ടനാടൻ പുഞ്ചയിലെ*
*തെയ് തെയ് തക തെയ്തെയ് തോ*
*കൊച്ചു പെണ്ണേ കുയിലാളെ*
*തിത്തിത്താ തിത്തെയ് തെയ് തെയ്*
*കൊട്ടുവേണം കുഴൽ വേണം കുരവ വേണം*
*ഓ തിത്തിത്താരാ തിത്തിത്തെയ് തിത്തെയ്*
*തിത്തെ തക തെയ്*

പാട്ടിന്റെ തുടർന്നുള്ള വരികൾ ഓരോന്നിനു ശേഷവും ഇതേ വായ്ത്താരികൾ തന്നെ ക്രമത്തിൽ പാടുകയാണ് ചെയ്യുന്നത്.

വള്ളപ്പാട്ടുകളിൽ ഉപയോഗിക്കുന്ന വായ്ത്താരികൾക്ക് പ്രാദേശികഭേദമുണ്ട് എന്ന കാര്യം മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. കുട്ടനാടൻ പുഞ്ചയിലെ പാട്ടിന്റെ ആവേശം തിരതല്ലുന്ന ഓരോ വരിക്കു ശേഷമുള്ള ഓരോ വായ്ത്താ രിയും കുട്ടനാടൻ ശൈലിയിൽ ഉള്ളതാണ്. ഇതിൽ ഏറ്റവും ആകർഷകമായത് മൂന്നാം വരിയോടു ചേർത്ത വായ്ത്താരി തന്നെ.

*"തിത്തിത്താരാ തിത്തിത്തെയ് തിത്തെയ്*
*തിത്തെയ് തക തെയ്"*

മലയാള ചലച്ചിത്ര ഗാനങ്ങളിലെ ആദ്യത്തെ ലക്ഷണമൊത്ത വള്ളംകളിപ്പാട്ട് എന്നു വിശേഷിപ്പിക്കാവുന്ന 'കുട്ടനാടൻ പുഞ്ച' ഒരു പരമ്പരാഗത വഞ്ചിപ്പാട്ട് ആണെന്ന് ധരിക്കുന്നവർ ധാരാളമുണ്ട്. പാട്ടിന്റെ മികച്ചതും സ്വാഭാവികവുമായ തനിമ തന്നെയാണ് ഈയൊരു ധാരണയ്ക്കു കാരണം.

ഗാനരചയിതാവിന്റെ തനിമയുള്ള വരികളും സംഗീതജ്ഞന്റെ പ്രതിഭാസ്പർശമുള്ള സംഗീതവും ഗാനത്തിന് പരമ്പരാഗതത്വം നൽകുകയായിരുന്നു.

സിനിമയിലെ കഥാ സന്ദർഭത്തിന് അനുയോജ്യമായ ഗ്രാമീണത്തനിമയുള്ള വരികളും വള്ളംകളിപ്പാട്ടിന്റെ പരമ്പരാഗത താളം ഉൾക്കൊള്ളുന്ന ഈണവും ഗാനം കാലാതിവർത്തിയായി മാറാനുള്ള ഉൽപ്രേരകങ്ങളായി. ഗാനഗന്ധർവൻ യേശുദാസും സംഘവും ഗാനം ഗംഭീരമായി ആലപിക്കുകയും ചെയ്തു. ഈ പാട്ടു കേൾക്കുന്ന സഹൃദയർ എല്ലാവരും തന്നെ അതിന്റെ ചടുല താളത്തിനൊത്ത് കയ്യടിച്ചു പോകും.

അഭ്ര പകർപ്പുകൾ നശിച്ച് വിസ്മൃതിയിൽ പോയ സിനിമയാണ് 'കാവാലം ചുണ്ടൻ'.

എന്നാൽ ഈ സിനിമയുടെ പേര് ഇടയ്ക്കൊക്കെ പരാമർശിക്കപ്പെടുന്നത് ഗാനങ്ങളുടെ പേരിലാണ്. പ്രത്യേകിച്ച് 'കുട്ടനാടൻ പുഞ്ച'യുടെയും പ്രണയത്തിന്റെ വൈകാരികത കലർന്ന വഞ്ചിപ്പാട്ടായ 'ആമ്പൽപൂവെ' യുടെയും പേരിൽ.

ആധുനിക കാലത്ത് 'കുട്ടനാടൻ പുഞ്ച' യിൽ നവീന രീതിയിൽ വാദ്യഘോഷങ്ങൾ ചേർത്ത് വേദികളിൽ അവതരിപ്പിക്കപ്പെടുന്നു. എന്നാൽ ഇത്തരം റീമിക്സുകളിൽ എല്ലാം തന്നെ പ്രധാന വായ്ത്താരിയായ 'തിത്തി

ത്താരാ തിത്തിത്തെയ്' ഏതാണ്ട് അതേ പോലെ തന്നെ നിലനിർത്തിയിട്ടുണ്ട് എന്നതാണ് കൗതുകം.

**വേമ്പനാട്ടുകായലിന് ചാഞ്ചാട്ടം**

ദേവരാജൻ മാസ്റ്ററുടെ പ്രതിഭ പതിഞ്ഞ ശ്രദ്ധേയമായ മറ്റൊരു വള്ളംകളിപ്പാട്ടാണ് "രണ്ടു ലോകം" എന്ന സിനിമക്ക് വേണ്ടി യൂസഫലി കേച്ചേരി വരികളെഴുതിയ -




*വേമ്പനാട്ട് കായലിന് ചാഞ്ചാട്ടം*
*തങ്കമണിചുണ്ടനിന്ന് മയിലാട്ടം*
*കുഴലൂതും കാറ്റേ കുളിർ കോരും കാറ്റേ*
*കൂടെ വാ കൂടെ വാ കൂടെ തുഴയാൻ വാ*

ഈ ഗാനത്തിന്റെ മുഖ്യാകർഷണം അതിലെ സമൃദ്ധമായ വായ്ത്താരികളാണ്.

ഗാനാരംഭം തന്നെ വായ്ത്താരിയിലാണ് -
ഹൊയ് ഹൊയ് ഹൊയ്ഹൊയ് (2)
*തകതെയ്*
*തക തെയ്*
*തക തെയ്തോം (2)*
*തെയ് തെയ്*
*തെയ് തെയ്*
*തക തെയ്തോം (2)*
തെയ് തെയ് തെയ്
തെയ് തെയ് തിത്തെയ് തക തെയ്
*തിത്തിത്താരാ തിത്തിത്താരാ*
*തിത്തെയ് തക തെയ് (2)*

ആരംഭത്തിലുള്ള ഒന്നാമത്തെ വായ്ത്താരിയിൽ സാധാരണ രീതിയിൽ നിന്നും വ്യത്യസ്തമായി 'ഹോയ്' ശബ്ദമാണ് ഉപയോഗിച്ചത്. ഇത് രണ്ടു പ്രാവശ്യം ആവർത്തിക്കുന്നുണ്ട്.

രണ്ടാമത്തെ 'തക തെയ്' ശബ്ദത്തിലുള്ള വായ്ത്താരിക്കും രണ്ടു ആവർത്തനമുണ്ട്. ആരംഭത്തിലുള്ള ഈ രണ്ട് വായ്ത്താരികളും വേഗം കുറഞ്ഞ താളത്തിലാണ് ആലപിക്കുന്നത്.

മൂന്നാമത്തെ 'തെയ് തെയ് തെയ് തെയ് തക തെയ്തോം' എന്ന വായ്ത്താരി കുറച്ചു കൂടി വേഗതയിൽ രണ്ടു പ്രാവശ്യം പാടുന്നുണ്ട്.

അഞ്ചാമത്തെ 'തെയ് തിത്തെയ് തക തെയ് ' ഉം ആറാമത്തെ 'തെയ് തിത്തിത്താരാ' യും ഒന്നിച്ച് വേഗതയിൽ രണ്ടു പ്രാവശ്യം ആലപിക്കുന്നു.

അനുപല്ലവിക്കു ശേഷവും ചരണത്തിന് ശേഷവും പാടുന്നത് ആരംഭത്തിലെ അഞ്ചും ആറും വായ്ത്താരികൾ തന്നെയാണ്

യേശുദാസും സംഘവും അതിഗംഭീരമായി ആലപിച്ച ഈ ഗാനത്തിന്റെ രംഗ ചിത്രീകരണവും മനോഹരമാണ്.

**പായിപ്പാട്ടാറ്റിലെ വള്ളംകളി**

ചലച്ചിത്ര ഗാനങ്ങളായ 'കുട്ടനാടൻ പുഞ്ച 'ക്കും' വേമ്പനാട്ടുകായലിനു ചാഞ്ചാട്ട 'ത്തിനും ശേഷം ശ്രദ്ധേയമായ ഒരു വള്ളംകളിപ്പാട്ട് 1983 ൽ തരംഗിണി മ്യൂസിക്ക് ഇറക്കിയ 'ഉൽസവ ഗാനങ്ങൾ' എന്ന ആൽബത്തിലെ ഒരു ഗാനമാണ്.

ശ്രീകുമാരൻ തമ്പിയുടെ വരികൾക്ക് രവീന്ദ്രൻ സംഗീതം പകർന്ന് യേശുദാസും സംഘവും പാടിയ ഗാനത്തിന്റെ ആദ്യ വരികൾ ഇങ്ങനെയാണ് -

*പായിപ്പാട്ടാറ്റില് വള്ളംകളി*
*പമ്പാനദി തിരയ്ക്ക് ആർപ്പുവിളി*
*കാരിച്ചാൽ ചുണ്ടനും ആനാരിച്ചുണ്ടനും*
*കാവാലം ചുണ്ടനും പോർവിളിയിൽ ആ*
*വലിയ ദിവാൻജിയും മുൻ നിരയിൽ*

കുട്ടനാട്ടിലെ ചില പ്രശസ്ത മത്സര ചുണ്ടൻവള്ളങ്ങളുടെ പേരുകൾ പാട്ടിലാക്കിയ

പാട്ടാണിത്. ഗാനാരംഭം ചെണ്ടമേളവും വായ്ത്താരികളും ചേർന്ന വള്ളംകളിയുടെ ഉൽസവാഘോഷ അന്തരീക്ഷത്തിന്റെ പശ്ചാത്തല സംഗീതത്തോടെയാണ്. തുടർവരികൾക്ക് ഇടയിലും വായ്ത്താരി ചേർത്തിട്ടുണ്ട്.

ഹരിപ്പാട്ട് സുബ്രഹ്മണ്യ ക്ഷേത്രത്തിലെ വിഗ്രഹ ലബ്ധി സ്മരണയിൽ നടത്തുന്നതാണ് പായിപ്പാട്ടാറ്റിലെ ജലോൽസവം. ആലപ്പുഴ കാർത്തികപ്പള്ളി താലൂക്കിൽ പായിപ്പാട്ട് അച്ചൻകോവിൽ ആറിലാണ് വള്ളംകളി നടക്കുന്നത്.

ഹരിപ്പാട്ടു സുബ്രഹ്മണ്യ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച വിഗ്രഹം പൂജാരിയുടെ സ്വപ്ന ദർശനപ്രകാരം കായംകുളം കായലിൽ നിന്ന് ലഭിച്ചതാണെന്ന ഐതിഹ്യമുണ്ട്. മുങ്ങിയെടുത്ത വിഗ്രഹവുമായി വഞ്ചിപ്പാട്ടു പാടി പായിപ്പാട്ടാറ്റിലൂടെ ഊരാൺമക്കാരും നാട്ടുകാരും ചേർന്നു നടത്തിയ ജലഘോഷയാത്രയേയും പ്രതിഷ്ഠയ്ക്ക് കായലോര നിവാസികൾ നൽകിയ വരവേൽപ്പിനെയും അനുസ്മരിക്കുന്നു പായിപ്പാട്ട് വള്ളംകളി.

സാധാരണയായി ജലമേളകൾ ഒരു ദിവസം കൊണ്ട് അവസാനിക്കും. എന്നാൽ രാപ്പകൽ വ്യത്യാസമില്ലാതെ ചിങ്ങമാസത്തിലെ തിരുവോണം, അവിട്ടം ചതയം എന്നീ മൂന്നു ദിവസം തുടർച്ചയായി നടക്കുന്നു പായിപ്പാട്ട് ജലോൽസവം.

**പാണ്ട്യാലക്കടവും വിട്ട് – ഗ്രാമീണ ഗാനങ്ങൾ**




1983 ൽ തരംഗിണി മ്യൂസിക്ക് ഇറക്കിയ 'ഗ്രാമീണ ഗാനങ്ങൾ' എന്ന മറ്റൊരു ആൽബത്തിൽ മുല്ലനേഴി രചിച്ച് വിദ്യാധരൻ ഈണം നൽകിയ ഒരു വള്ളംകളിപ്പാട്ടുണ്ട് –

*പാണ്ട്യാലക്കടവുംവിട്ട്*

*പാട്ടും കൂത്തും താളോമിട്ട്*

*പട കൂട്ടി പടിഞ്ഞാട്ട് പായും തോണികൾ*

ആൽബത്തിന്റെ പേരുപോലെ ഗ്രാമീണത തുടിക്കുന്ന വരികളും ഈണവുമാണ് ഈ ഗാനത്തിന്റേത്. കോറസ് ഉണ്ടെങ്കിലും സാധാരണ വള്ളപ്പാട്ടുകൾ പോലെ വേഗതാളവും വായ്ത്താരികളും ഈ പാട്ടിലില്ല.

**സിനിമയിലെ പാണ്ട്യാലക്കടവ്**

1985ൽ പുറത്തിറങ്ങിയ വെള്ളം എന്ന ചിത്രത്തിൽ മുല്ലനേഴിയുടെ 'പാണ്ട്യാലക്കടവും വിട്ട്' എന്ന ഗാനത്തിന്റെ പല്ലവി മാത്രം എടുത്ത് വായ്ത്താരികൾ ചേർത്ത് നല്ലൊരു വള്ളംകളിപ്പാട്ടായി ദേവരാജൻ മാസ്റ്റർ ചിട്ടപ്പെടുത്തിയിട്ടുണ്ട്. സാധാരണ ഗാന ങ്ങളുടെ സമയ ദൈർഘ്യം ഈ ഗാനത്തിനില്ല. എന്നാൽ വെറും ഒന്നേകാൽ മിനിട്ടു മാത്രമുള്ള ഈ ബിറ്റ് ഗാനം പക്ഷെ കെട്ടിലും മട്ടിലും മികച്ച ഒരു വള്ളംകളിപ്പാട്ടാണ്.

*ഗാനാരംഭം തന്നെ ഒരു വായ്ത്താരിയിലാണ്.*

*തിത്തിത്താരാ തിത്തിത്താരാ തെയ്താരാ*

മൂന്നു പ്രാവശ്യം ഈ വായ്ത്താരി ആവർത്തിക്കുന്നുണ്ട്. തുടർന്ന് വായ്ത്താരി മാറുന്നുണ്ട് –

*തകധിമി താരാ തകധിമി താരാ തെയ്താരാ*

ഇത് ഒരു പ്രാവശ്യം മാത്രമേ പാടുന്നുള്ളൂ. തുടർന്ന് പല്ലവിയിലെ വരികളാണ്.

*പാണ്ട്യാലക്കടവും വിട്ട്*
*പാട്ടും കൂത്തും താളോമിട്ട്*
*പട കൂട്ടി പടിഞ്ഞാട്ട് പായും തോണികൾ*
*ഒന്നേ ഒന്നേ ഒന്നേ*
*ഒന്നേ തുഴ പായുന്നു*
*വന്നേ വന്നേ വന്നേ*
*വന്നേ പുഴ പാടുന്നു*

തുടർന്നുള്ള വായ്ത്താരികൾഇങ്ങനെയാണ്
*തിത്തിത്താരാ തിത്തിക്കാരാ*
*തിത്തെയ് തിത്തെയ്*
*തകധിമി താരാ തകധിമി താരാ*
*തകധിമിതിത്തെയ്*

ഈ വായ്ത്താരികൾ പാടിയാണ് ഗാനം അവസാനിക്കുന്നത്.




## ചമ്പക്കുളം തച്ചനുന്നം പിടിപ്പിച്ച തോണി

ചമ്പക്കുളം എന്ന പേര് കേൾക്കുമ്പോൾ ആദ്യം ഓർമ്മ വരിക വള്ളംകളിയായിരിക്കും. പമ്പാ നദിയുടെ ഒരു കൈവഴിയാണ് ചമ്പക്കുളത്താറ് .

കേരളത്തിലെ ജലമേളകളുടെ തുടക്കം കുട്ടനാട്ടിലെ ചമ്പക്കുളം വള്ളംകളിയിലാണ് എന്ന പ്രത്യേകതയും ഈ വള്ളംകളിക്കുണ്ട്.

വള്ളംകളിയുടെ മുഖ്യാകർഷണം വിസ്മയാകാരമുള്ള ചുണ്ടൻവള്ളങ്ങൾ തന്നെയാണ്. വള്ളംകളി നടക്കുന്ന സ്ഥലങ്ങളിൽ ആറ്റിൻ കരയിൽ കെട്ടിയ മാലിപ്പുരയിൽ വിദഗ്ദ്ധരായ തച്ചൻമാർ നിർമിക്കുന്നതാണ് ചുണ്ടൻ വള്ളങ്ങൾ. ചമ്പക്കുളം പോലുള്ള വള്ളംകളി നാട്ടിലെ ഭൂമികയിൽ തച്ചൻമാരുമായി ബന്ധപ്പെട്ട കഥ പ്രമേയമാക്കിയ ചലച്ചിത്രമായിരുന്നു 'ചമ്പക്കുളം തച്ചൻ' (1992).

ഈ ചിത്രത്തിൽ ശ്രദ്ധേയമായ ഒരു വള്ളംകളിപ്പാട്ടുണ്ട്.

*ചമ്പക്കുളം തച്ചനുന്നം പിടിപ്പിച്ച*
*പൊന്നാഞ്ഞിലിത്തോണിയോ*
*ആറൻമുളത്തേവ രാറാട്ടിനെത്തുന്ന*
*പള്ളിപ്പെരും തോണിയോ*
*ഉലകിന്റെ പുകഴായ തോണി*
*തച്ചനുയിരൂതി പോറ്റുന്ന തോണി*
*ഒരു തച്ചു പണിയാം ഒരുമിച്ചു തുഴയാം*
*ഹൈലേസ ഹൈലേസ ഹോയ്*


ബിച്ചു തിരുമലയുടെ വരികൾക്ക് രവീന്ദ്രൻ ഈണം പകർന്ന് യേശുദാസും എം.ജി. ശ്രീകുമാറും സംഘവും പാടുന്നതാണ് ഗാനം. ഗാനാരംഭത്തിൽ ശബ്ദഘോഷങ്ങൾ ഉത്സാഹം പകരുന്ന പശ്ചാത്തലമാണ് ഗാനത്തിലും. ഇത് മത്സര വള്ളംകളിയുടെ ഗാനമല്ല. എന്നാൽ വള്ളംകളിപ്പാട്ട് ശൈലിയിലുള്ള ഗാനത്തിൽ ഗ്രാമീണതയുള്ള വരികളും വായ്ത്താരിയുമുണ്ട്.

കായലിലൂടെ വേഗം തുഴഞ്ഞു പോകുന്ന ചുരുളൻ വള്ളത്തിൽ പാടുന്ന പാട്ടായി ചിത്രീകരിച്ച ഗാനരംഗം മനോഹരമാണ്.



**അവലംബം**


1. സുരേന്ദ്രൻ കൈനകരി - ജലോൽസവങ്ങളുടെ നാട്ടിൽ - നാഷണൽ ബുക്സ്റ്റാൾ കോട്ടയം
2. ഗോപകുമാർ അമ്പലപ്പുഴ(ഡോ) - സുകൃതപൈതൃകം-റെയിൻബോ ബുക്സ്, ചെങ്ങന്നൂർ
3. വിക്കിപീഡിയ -വള്ളം , വള്ളംകളി
4. സ്റ്റാൻലി ജി എസ് - കേരളത്തിലെ ബൗദ്ധ സാന്നിധ്യം മൂന്ന് വായ്ത്താരികളിലൂടെ
5. ബ്ലോഗർ.കോം - ആറൻമുള വള്ളംകളി
6. അജയകുമാർ ആർ. - വംശീയാഘോഷം ഈ ജലമാമാങ്കം-ജൻമഭൂമി.ഇൻ
7. ദീപു ആർ. - ഓളപ്പരപ്പിൽ ആലപ്പുഴയുടെ ഒളിമ്പിക്സ് - കേരള കൗമുദി.കോം
8. സാക്കിർ ഹുസൈൻ - ആലപ്പുഴപ്പൂരം 70 ജലവർഷങ്ങൾ - മലയാള മനോരമ ഞായറാഴ്ച 2024 സെപ്റ്റംബർ 22
9. രവിമേനോൻ-വള്ളപ്പാട്ടിന്റെ ചക്രവർത്തി - മാതൃഭൂമി.കോം.

# 1974 ലെ സമര അനുസ്മരണം – സുവർണ്ണ ജൂബിലി സമ്മേളനദിന ദൃശ്യങ്ങൾ



**KSEB ENGINEERS' ASSOCIATION**
**Hydel Bullet Monthly**

**Price ₹ 10**
**Date of Publication 10.12.2024**











**Edited, Printed & Published by Er Rajesh D.S., Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com**

**For private circulation only**